# യാക്കോബായ സുറിയാനി സഭയിലെ

വിശ്വാസം, ആചാരങ്ങൾ, കൂദാശകൾ
എന്നിവയുടെ

# നടപടി ചട്ടങ്ങൾ

അന്ത്യോഖ്യായുടേയും കിഴക്കൊക്കെയുടേയും
മോറാൻ മാർ ഇഗ്നാത്തിയോസ് പത്രോസ്
തൃതീയൻ പാത്രിയർക്കീസ് ബാവാ
തിരുമനസിലെ കൽപ്പന.

SYRIAN PUBLICATIONS
ERNAKULAM NORTH,
COCHIN - 18.

*Published online by*
*www.SyrianChurch.org*

Malayalam
യാക്കോബായ സുറിയാനി സഭയിലെ
വിശ്വാസം, ആചാരങ്ങൾ, കൂദാശകൾ
എന്നിവയുടെ നടപടിച്ചട്ടങ്ങൾ
Copies 1000
Price Re 1.00
Printed at:
Omalloor Bava Memorial Printing Works, Mulanthuruthy.
Publishers:
SYRIAN PUBLICATIONS,
Ernakulam North Cochin-18.



പരിശുദ്ധ
ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ
പാത്രിയർക്കീസ് ബാവാ
തിരുമനസ്സുകൊണ്ട്

സർവ്വശക്തനായി കാതൽതചം തിങ്ങപ്പെട്ട ആദ്യന്തമില്ലാത്ത
നിത്യൻെറ തിരുനാമത്താൽ തനിക്കു സ്തുതി.

അന്ത്യോഖ്യായുടെയും കിഴക്കൊക്കയുടെയും ശ്ലീഹായ്ക്കടുത്ത
സിംഹാസനത്തിൽ സുറിയാനി ജാതിമേൽ
മുഷ്ക്കരപ്പെട്ടിരിക്കുന്ന മൂന്നാമത്തെ പത്രൊസ് എന്ന

## ഇഗ്നാത്ത്യോസ് പാത്രിയാർക്കീസ്സ്

മലയാളത്തിലുള്ള യാക്കോബായ സുറിയാനിക്കാരായ നമ്മുടെ ആത്മീക മക്കളുടെ മേൽ ദൈവീകത്തിന്നടുത്ത കൃപയും ആകാശത്തിന്നടുത്ത വാഴ്‌വും വന്നു വസിക്കുമാറാകട്ടെ.

ദൈവമായ കർത്താവിൻെറ വാഴ്‌വ് നിങ്ങളുടെ മേലും നിങ്ങളുടെ ഭവനങ്ങൾ മേലും നിങ്ങളുടെ മക്കൾ മേലും നിങ്ങളുടെ സകലത്തിൻ മേലും വന്നു വസിക്കുമാറാകട്ടെ.

അതു് തമ്പുരാനെ പ്രസവിച്ച അമ്മയുടെയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനകളാൽ തന്നെ ആമ്മീൻ.

സത്യമുള്ള നിങ്ങളുടെ സ്നേഹത്തൊടു നാം അറിവിക്കുന്നതു് എന്തെന്നാൽ, നമ്മുടെ സഭയുടെ ചട്ടം പോലെയും കാനൊന പോലെയും നമ്മുടെ ജനത്തിൽനിന്നു റീശിസ ശേഖരിക്കുന്നതിന്നു നിങ്ങൾക്കു നാം കല്പന അയച്ചിട്ടുണ്ടല്ലോ. എന്നാൽ, അതിനെക്കുറിച്ച് അരുപിക്കുടത്ത വൈരാഗ്യം നിങ്ങൾ ചെയ്തു വേഗത്തിൽ അതിനെ ശേഖരിപ്പാൻ നിങ്ങൾക്കു് ന്യായമാകുന്നു.

എന്നാൽ, ഒരം കാര്യത്തെക്കുറിച്ച് ഇന്നാകട്ടെ, നാളയാകട്ടെ എന്നു അവധി പറഞ്ഞു ദീർഘപ്പെടുത്തുവാൻ ദൈവ

ത്തിൽനിന്നു് നിങ്ങൾക്കു് അധികാരം ഇല്ല. പട്ടക്കാരൻ ഒരുത്തൻെറ ഭവനത്തിന്നു് റീശീസ പിരിപ്പാൻ വരുന്നുവെങ്കിൽ വൃഥാ അവനെ തിരിച്ചു അയക്കുന്നതു് യാതൊരു പ്രകാരത്തിലും നിങ്ങൾക്കു് യുക്തമല്ലെന്നും പാത്രിയക്കീസിൻെറ റീശീസാക്കു് നിങ്ങൾ കടക്കാരാകുന്നു എന്നും പ്രത്യേകം അറിഞ്ഞുകൊള്ളണം. നീതിമാൻ കടം വാങ്ങിച്ചാൽ ആ കടത്തെ അവൻ സ്നേഹത്തോടുകൂടെ വീട്ടുന്നു എന്നും, ദുഷ്ടൻ വീട്ടുന്നതല്ലായെന്നും, ദാവീദു് നിബ്യ പറഞ്ഞിരിക്കുന്നതിനെ ഓർത്തുകൊൾവിൻ.

എന്നാൽ, ശുദ്ധമുള്ള മൂറൊനാൽ അഭിഷേകം ചെയ്യപ്പെട്ടവൻ അതിൻെറ പ്രതിഫലം കൊടുക്കാതെ ഇരുന്നാൽ അവൻെറ ശരീരം വെടിപ്പായിരിക്കയില്ല. എന്തെന്നാൽ, അവൻ വെടിപ്പാകുന്നതു് ശുദ്ധമുള്ള മൂറൊൻ കൊണ്ടും വെടിപ്പുള്ള മാമ്മോദീസായുടെ പൂർണ്ണത കൊണ്ടും ആകുന്നു. അതിനാൽ സ്വർഗ്ഗത്തിലുള്ള പിതാവിന്നു് മക്കളും ംരംശൊമിശിഹാക്കു സഹോദരന്മാരും ആയിത്തീരുന്നതും ആകുന്നു. എന്നാൽ, യോഹന്നാൻ വെള്ളം കൊണ്ടു മാമ്മോദീസാ മുക്കി നിങ്ങൾ റൂഹാദക്കുദിശയാൽ മാമ്മോദീസാ മുഴുകുമെന്നു് ശ്ലീഹന്മാരുടെ നടപ്പു പുസ്തകമാകുന്ന പ്രക്സീസിൽ കല്പിക്കപ്പെട്ടിരിക്കുന്നതു പോലെ തന്നെ.

ആദ്യകാലങ്ങളിൽ ദൈവം മൂശ നിബ്യായൊടു് കല്പിച്ചതു് എന്തെന്നാൽ, സൈത്തു് എണ്ണയിൽ നിന്നും വെടിപ്പുള്ള സുഗന്ധവർഗ്ഗങ്ങളിൽ നിന്നും കൂട്ടിച്ചേർത്തു് അഭിഷേകതൈലം നീ ഉണ്ടാക്കുക എന്നും അതിനാൽ മശ്ക്കൻ സബനായെയും ജീവസ്സുകളുടെ മെശയെയും ബസ്ക്കദിശ എന്ന ശുദ്ധസ്ഥലത്തിൻെറ സകല വസ്തുക്കളെയും അതിനാൽ പട്ട

ക്കാരെയും നിബിയന്മാരെയും അഭിഷേകം ചെയ്ക എന്നും മ രിച്ചവൻെറ ശരീരത്തിൽ അതിനെ പൂശരുത് എന്നും അന്യക്ക അതിൽ നിന്നു കൊടുക്കരുത് എന്നും അതിൻെറ സാദൃശത്തിൽ ഉണ്ടാക്കുന്നവൻ നശിച്ചു പോകുമെന്നും കല്പിക്കുകയും അതിൻെറ ശേഷം ഇസ്രായെൽ പുത്രന്മാര് ദൈവകല്പനയെ ലംഘിച്ചു് പൊട്ടബിംബങ്ങളാകുന്ന കല്ലിനെയും മരത്തെയും പൊന്നിനെയും വെള്ളിയെയും അവര് കുമ്പിട്ട് ദൈവാരാധനയെ വിഗ്രഹാരാധനയായി അവര് പകത്തി അത് ഹേതുവായിട്ട് വലിയ പാപവും വീഴ്ചയും അവർക്ക് സംഭവിച്ചു.

ഇസ്രായെൽ എൻെറ കടിഞ്ഞൂൽ പുത്രൻ എന്നും, എൻെറ വാത്സല്യമുള്ളവനെന്നും, അരുളി ചെയ്തിരിക്കുന്ന ആകാശത്തിന്നടുത്ത അവരുടെ പിതാവായ ദൈവത്തെ അവരു് ഉപേക്ഷിച്ചു. എങ്കിലും തൻെറ ആദ്രകരുണയാൽ അവരോട് പ്രസംഗിച്ചു് തിരിപ്പിപ്പാനായിട്ട് നിബ്യന്മാരെയും ഉപദെഷ്ടാക്കന്മാരെയും താൻ കല്പിച്ചയച്ചു അവരെയും അവര് കേട്ടില്ല. പിന്നത്തതിൽ യൊഹന്നാൻ മാംദാനയെ കല്പിച്ചയച്ചു. ആ ദെഹം എല്ലാവരും അനുതപിച്ച് മാമ്മൊദിസ മുഴുകുവാനായിട്ട് യൊർദ്ദനാൻ ആററിൽ തേററത്തിൻെറ മാമ്മൊദീസായെ കുറിച്ച് അറിവിച്ചു. ആ ദെഹത്തെയും അനുസരിക്കാതെ വിലങ്ങിടത്തിൽ ഇട്ട് കൊല്ലുകയും ചെയ്തു. അതിൻെറ ശേഷം മിശിഹാ എഴുന്നള്ളി താൻ പ്രസംഗിച്ച് അവരെ പഠിപ്പിക്കുകയും അവരുടെ ഇടയിൽ ഏറിയ അടയാളങ്ങളും അത്ഭുതങ്ങളും പ്രവൃത്തിക്കുകയും ചെയ്തിട്ടും തൻെറ തിരുവചനങ്ങളെ അവര് വിശ്വസിക്കാതെ പൈശൂന്യത്താൽ തിന്മകൾ ചെയ്യുവനെപോലെ കണക്കിട്ട് സ്ലീബായിൽ തൂക്കി നന്മക്കു പകരം തിന്മ അവര് തന്നൊട

പ്രതിപകരം ചെയ്തു.

ഇതു് ഹേതുവായിട്ടു് അവരിൽനിന്നു് രാജിതവും പട്ടസ്ലവവും നിബ്യസായും ശുദ്ധഅഭിഷേക തൈലവും എടുക്കപ്പെട്ടു. മിശിഹാ കബറിൽ നിന്നു് ഉയത്തെഴുന്നേററതിൻെറ ശേഷം നാല്പതു ദിവസങ്ങൾ ഏറിയ അത്ഭുതങ്ങൾ പ്രവൃത്തിച്ചുകൊണ്ടു് തൻെറ ശിഷ്യന്മാർക്കു് കാണപ്പെട്ട ദൈവത്തിൻെറ മോക്ഷത്തെക്കുറിച്ചു് അവരെ പഠിപ്പിക്കുകയും അവരോടുകൂടെ അപ്പം ഭക്ഷിക്കുകയും ചെയ്തിരുന്നപ്പോൾ ഓർശ്ലെമ്മിൽ നിന്നു് അവരു് വിട്ടുമാറാതെ തന്നിൽ നിന്നു് അവരു് കേട്ടിട്ടുള്ള പിതാവായ ദൈവത്തിൻെറ വാഗ്ദത്തത്തിന്നായിട്ടു് അവരു് പാക്കണമെന്നും അവരോടു താൻ കല്പിച്ചു് ആകാശത്തിന്നു കരേറി. അപ്പോൾ ഒരു മേഘം തന്നെ എടുത്തുകൊണ്ടുപോയി. അവരുടെ കൺകളിൽ നിന്നു് താൻ മറയപ്പെടുകയും ചെയ്തു.

പിന്നത്തതിൽ ശിഷ്യന്മാരു് എല്ലാവരും ഒരുമിച്ചു കൂടിയിരിക്കയിൽ പെട്ടന്നു് ആകാശത്തിൽ നിന്നു് കൊടുങ്കാററു പോലെ ഒരു ശബ്ദം ഉണ്ടായി അവരിൽ ഓരോരുത്തനിൽ പരിശുദ്ധാത്മാവു് ആവസിച്ചു് പല പല ഭാഷകളിൽ അവരു് സംസാരിച്ചു. അവസാന ദിവസങ്ങളിൽ സകല ജനത്തിന്മേലും തൻെറ ആത്മാവിനെ താൻ ചിന്തുമെന്നു ദൈവം അരുളിചെയ്തിരിക്കുന്ന പ്രകാരം യുയെൽ നിബ്യായാൽ പറയപ്പെട്ടിരിക്കുന്ന ദീർഘദർശനം അവരിൽ തികയപ്പെട്ടു. ഇതിനാൽ ശുദ്ധമുള്ള ശ്ലീഹന്മാരു് പ്രസംഗിച്ചു് മാമ്മൊദീസാ മുക്കുകയും അഭിഷേക തൈലം ശുദ്ധീകരിച്ചു് പരിശുദ്ധാത്മാവിനാൽ വിശ്വാസികളെ പരിപൂർണ്ണതപ്പെടുത്തുകയും ചെയ്തു. ആകാശത്തിന്നടുത്ത പിതാവിന്നു മക്കളും

ംരംശോമിശിഹാക്കു സഹോദരന്മാരും ആയിത്തീന്ന് ഇതി
നാൽ ഇസ്രായെൽ ജനത്തിൽനിന്നു രാജിതവും പട്ടസുഖവും
നിബ്യസായും അഭിഷേകതൈലവും എടുക്കപ്പെട്ടു.

അഭിഷേകതൈലമായ ശുദ്ധമുള്ള മൂറൊൻ ഇല്ലാത്തവ
ന്റെ മാമ്മൊദീസാ യൊഹന്നാന്റെ മാമ്മൊദീസാപോലെ
വെള്ളംകൊണ്ടുമാത്രം അല്ലാതെ പരിശുദ്ധാത്മാവ് അവനിൽ
ആവസിച്ചിട്ടില്ല.

എന്നാൽ നാം മലയാളത്തിൽ എത്തിയപ്പോൾ ചൊവ്വു
ള്ളവരും ചൊവ്വില്ലാത്തവരും ആയ കശീശന്മാര് മൂറൊൻ
ഒഴിഞ്ഞ കുപ്പിയിൽ ചെറിയ കോലിട്ടെടുത്ത് മൂറൊൻ എന്നു
പേരുപറഞ്ഞ് മാമ്മൊദീസ മുഴുകുന്ന പൈതലിന്റെ മുഖത്ത്
സ്ലീബാ വരച്ചുകൊണ്ടു് പൈതങ്ങളെ മാമ്മൊദീസാ മുക്കു
ന്നതായി നാം കണ്ടു. ഇങ്ങിനെ കശീശന്മാര് ജനത്തെ വഞ്ചി
ക്കുന്നു എന്നും അവരുടെ മാമ്മൊദീസാ റൂഹാദക്കുദിശാ ഇല്ലാ
ത്ത വെള്ളംകൊണ്ടു മാത്രമുള്ള മാമ്മോദീസാ എന്നും ശുദ്ധ
മുള്ള മൂറോനിൽ നിന്നു അവര് ഒഴിയപ്പെട്ടവരെന്നും നാം
തിരിച്ചറിയപ്പെട്ടു.

ഇതു നാം കേട്ടപ്പോൾ പരിശുദ്ധാത്മാവിൽ ശുദ്ധീകരി
ക്കപ്പെട്ട മൂറൊൻ അവക്കില്ലാത്തതുകൊണ്ടു് പരിശുദ്ധാത്മാ
വിൽനിന്നു് അവര് ഒഴിയപ്പെട്ടവരായിരിക്കുന്നു എന്നുവെച്ച്
നമുക്കു വളരെ ദു:ഖം തോന്നി. ഇപ്പൊൾ നിങ്ങളെക്കുറിച്ചും
നിങ്ങളുടെ മക്കളെക്കുറിച്ചും ഉള്ള നമ്മുടെ കരുണനിമിത്തം
നിങ്ങളോടു നാം അറിവിക്കുന്നത് എന്തെന്നാൽ ഇനി ശുദ്ധ
മുള്ള മൂറൊൻ കൂടാതെ ഒരുപ്രകാരവും നിങ്ങളുടെ പൈത
ങ്ങളെ നിങ്ങൾ മാമ്മൊദീസാ മുക്കരുത്. എന്തെന്നാൽ അങ്ങി

നെയുള്ള മാമ്മോദീസാ ഒരുപ്രകാരവും പൂർണ്ണതപ്പെടുന്നതല്ല. എന്നാൽ കശീശന്മാർ പൈതങ്ങളെ വെള്ളത്തിലേക്ക് പ്രവേശിപ്പിക്കുന്നതിനു മുമ്പിൽ ആവെള്ളത്തിൽ ശുദ്ധമുള്ള മൂറൊൻ കശീശ ഒഴിക്കണം. അത് കിഴക്കുഭാഗത്തും പടിഞ്ഞാറുഭാഗത്തും ഓരോ തുള്ളിയും വടക്കുഭാഗത്തും തെക്കുഭാഗത്തും കൂടി ഒരു തുള്ളിയും ഇങ്ങിനെ മുമ്മതചത്തിന്റെ സാദൃശത്തിൽ മൂന്നു തുള്ളികൾ വീഴിച്ച് സ്ലീബാ വരച്ച് ശുദ്ധമുള്ള മാമ്മോദീസായുടെ പുസ്തകത്തിൽ എഴുതിയിരിക്കുന്ന പ്രകാരം കശീശ ചൊല്ലുകയും കശീശാ പൈതലിനെ അഭിഷേകം ചെയ്യുന്ന സമയം അവന്റെ വലത്തുകയ്യുടെ പെരുവിരൽ കുപ്പിയുടെ വായിന്മേൽ വെച്ച് ശുദ്ധമുള്ള മൂറൊൻ ചെരിച്ച് അതു കൊണ്ട് പൈതലിന്റെ നെററിയിൽ വരക്കണം. മാമ്മോദീസായുടെ അവസാനത്തിൽ പൈതൽ വെള്ളത്തിൽ നിന്നു കരയേറുന്ന സമയം പട്ടക്കാരൻ കുറെ മൂറൊൻ അവന്റെ വലത്തുകയ്യിൽ ഒഴിച്ച് ഇടത്തുകൈകൊണ്ടു പൈതലിനെ പിടിച്ച് മൂറൊൻ ഉള്ള വലത്തുകൈ പൈതലിന്റെ തലമേൽ വെച്ച തലയും വലത്തെ ചെവിയും മുഖവും ഉള്ളങ്കാൽ വരെ വലത്തെ ഭാഗം മുഴവനും അഭിഷേകം ചെയ്തു് ഇടത്തെ ഭാഗത്ത് അവന്റെ കാലിന്മേൽ കരേറുന്നു. വീണ്ടും ഇടത്തു കാലിന്റെ വലത്തുഭാഗം മുതൽ ഉള്ളങ്കാൽ വരെ ഇറങ്ങുകയും തലയുടെ ഇടത്തെഭാഗത്തു് എത്തുന്നതുവരെ ഇടത്തെകാലിന്നു കരേറുകയും ഇങ്ങിനെ അവന്റെ ദേഹം മുഴുവനും അതുപിക്കട്ടത്ത കുപ്പായം പോലെ ആകുവാൻതക്കവണ്ണം അഭിഷേകം ചെയ്യണം. പരബോധപ്പെടുന്നതായ അവന്റെ ശത്രുക്കളുടെ നേരെ പടച്ചട്ടപോലെ ആകുവാനായിട്ട് മൂറൊൻ പുരശാതെ ഒരെടവും ശേഷിപ്പിക്കരുത്. പിന്നെ വെടിപ്പുള്ള വസ്ത്രം തല തൊടുന്നവന്റെ മുൻകൈമേൽ വിടർത്തിയിരിക്കണം.

കശീശ മാമ്മോദീസാ തികച്ചതിന്റെ ശേഷം തല തൊട്ട
വൻ പൈതലിനെ മുൻകൈമേൽ എടുക്കണം. അതിന്റെ
ശേഷം പട്ടക്കാരൻ പൈതലിനെ മദ്ബഹായിക്കു പ്രവേശി
പ്പിച്ച് ജീവസ്സുകളുടെ മേശയുടെ ചുററും മൂന്നു പ്രാവശ്യം
പ്രദക്ഷിണം വെച്ച് പിന്നീടു ശുദ്ധമുള്ള കുർബ്ബാനയിൽ
സംബന്ധിപ്പിക്കണം. അതിന്റെ ശേഷം തല തൊട്ടവൻ
കശീശായുടെ കൈയിൽ നിന്നു പൈതലിനെ അവന്റെ
മുൻ കൈമേൽ എടുത്തു് അവന്റെ കൈകളിൽ മെഴുകുതിരി
കളും പിടിച്ച് വീട്ടിലേക്കു കൊണ്ടുപോകണം. പിറേറ
ദിവസം പൈതലിനെ പൊതിഞ്ഞ വസ്ത്രം മാററി നല്ല
വെള്ളത്തിൽ കഴുകി ആ വെള്ളം കൊണ്ടുപോയി മാമ്മോ
ദീസാകല്ലിൽ ഒഴിക്കണം. ഇങ്ങിനെ ശുദ്ധമുള്ള മാമ്മോ
ദീസാ തികയുന്നു. പൈതങ്ങൾ ശുദ്ധമുള്ള റൂഹായിൽ
മാമ്മോദീസാ മുഴുകി സ്വർഗ്ഗീകപിതാവിന്നു മക്കളും ഠരംശോ
മിശിഹായിക്കു് സഹോദരന്മാരും ആകുന്നു.

ഇതു് നിങ്ങളിൽ നിന്ന് ഒഴിയപ്പെട്ടതെന്നു നാം കണ്ട
സമയം മിസ്രേമ്മിന്നും ബൊമ്പായിക്കും എഴുതി അയച്ച് ശുദ്ധ
മുള്ള അഭിഷേകതൈലം ഉണ്ടാക്കുന്ന ഔഷധങ്ങൾ വരുത്തി-
കശീശന്മാരും രാജാക്കന്മാരും നിബ്യന്മാരും അതിനാൽ അഭി
ഷേകം ചെയ്യപ്പെട്ടുവന്നു എന്നു മുൻ നിങ്ങളോടു നാം അറിവിച്ച
പ്രകാരം മിശിഹാ എഴുന്നള്ളിയപ്പോൾ സകല വിശ്വാസിക
ളും റൂഹാദക്കുദിശായാൽ മാമ്മോദീസാ മുഴുകപ്പെട്ടു കശീശന്മാ
രും രാജാക്കന്മാരും നിബ്യന്മാരും ആകാശത്തിന്നടുത്ത പിതാ
വിന്നു മക്കളും തന്നിക്കു് സഹോദരന്മാരും ആയിത്തീരുവാനാ
യിട്ടു മാമ്മോദീസായുടെ മുദ്ര നമുക്കു നല്കി ശുദ്ധമുള്ള മൂറോ
നെന്ന തൈലം ഇല്ലാത്തവൎക്കു പരിപൂൎണ്ണമുള്ള മാമ്മോദീസാ
യില്ല. അവരുടെ മാമ്മോദീസാ യോഹന്നാന്റെ മാമ്മോദീ

സാ പോലെ അനുതാപത്തിൽ ഉൾപ്പെട്ടതല്ലാതെ റൂഹാദക്കുദിശായിൽ ഉൾപ്പെട്ടതല്ല—ഔഷധങ്ങൾ നമുക്കു വന്നുചേൎന്നയുടൻ നമ്മുടെ ശുദ്ധമാനപള്ളിയുടെ മൎയ്യാദയും ക്രമവും കാനോനായും പോലെ ശുദ്ധമുള്ള മൂറോൻതൈലം ഒരുക്കി ദൈവകൃപയാൽ (1876) ചിങ്ങം15-ാംനു- വാഴ്ത്തപ്പെട്ട മുളന്തുരുത്തി ഇടവകയിൽ മാർ തോമ്മാശ്ലീഹായുടെ പള്ളിയിൽവെച്ച് ശുദ്ധമുള്ള മൂറോൻ നാം കൂദാശ ചെയ്തു. ആ പള്ളി എടവകക്കാര് ആ പ്രവൃത്തിയിൽ വളരെ നമുക്കു സഹായിച്ചു. ദൈവമായ കൎത്താവു് രണ്ടു ലോകങ്ങളിലും അവരെ സഹായിച്ചു അവരുടെ പ്രയത്നങ്ങൾക്കു് ഒന്നിനു മുപ്പതായിട്ടും അറുപതായിട്ടും നൂറായിട്ടും നല്ല കൂലി അവക്കു് നൽകുമാറാകട്ടെ. മൂറോൻ കൂദാശ അവസാനിച്ചശേഷം ചൊവ്വുള്ള കശീശന്മാരുടെ കൈവശം എല്ലാ പള്ളികൾക്കും മൂറോൻ നാം കൊടുത്തു. ഇനിമേൽ മുമ്പിലത്തേപ്പോലെ മൂറോൻ കൂടാതെ മാമ്മോദീസാ മുക്കുവാൻ ദൈവത്തിൽനിന്നു കശീശന്മാക്കു് അധികാരമില്ല. പിന്നെയൊ നമ്മുടെ പള്ളിയുടെക്രമവും ശട്ടവുംപോലെ പരിപൂൎണ്ണതയുള്ള മാമ്മോദീസാ മുക്കണം പൈതങ്ങളുടെ മാമ്മോദീസാ ക്രമം നിങ്ങൾ തുടങ്ങുമ്പോൾ മാമ്മോദീസാകല്ലിൽ വെള്ളം ഒഴിച്ചു മാമ്മോദീസായുടെ മുഴവൻ ക്രമം കഴിച്ചതിന്റെ ശേഷം അതിൽനിന്നു കുറെ വെള്ളം എടുക്കയും അതുകൊണ്ടു് പെൺകുട്ടികളെ മുക്കുന്നു എന്നും നാം കേട്ടിരിക്കുന്നു. നമ്മുടെ ശുദ്ധമാന പള്ളിയുടെ ക്രമപ്രകാരവും കാനോനാപ്രകാരവും അതു പാടുള്ളതല്ല. ഀരം ക്രമക്കേടു് പട്ടക്കാരുടെ തന്നിഷ്ടവും ഉപേക്ഷയും നിമിത്തം ഉണ്ടാകുന്നതാകുന്നു. പെൺകുട്ടികളുടെ മുഴവൻക്രമം കഴിക്കുന്നതിൽവെച്ചു അവക്കുണ്ടാകുന്ന പ്രയാസത്തെ നീക്കുവാനായിട്ടു് ഇപ്രകാരം ക്രമപ്പെടുത്തിയതാകുന്നു. ഇതു് അറപ്പു

കേടാകുന്നു ഇപ്രകാരം പ്രവൃത്തിക്കുന്നവൻ ശ്ലീഹന്മാരുടെയും ശുദ്ധമുള്ള ബാവാന്മാരുടേയും ക്രമങ്ങൾക്കും കാനോനാകൾക്കും വിരോധിയാകുന്നു. ആൺകുട്ടികളുടെ മാമ്മോദീസായിൽനിന്നു വെള്ളം എടുത്തു് പെൺകുട്ടികളെ മുക്കുമ്പോൾ പെൺകുട്ടികളുടെ മാമ്മോദീസാ ആൺകുട്ടികളുടെ മാമ്മോദീസായെക്കാൾ കുറയപ്പെട്ടതും പരിപൂൎണ്ണതയില്ലാത്തതും ആയിതീരുമെന്നു എല്ലാപട്ടക്കാരും അറിയേണ്ടതാകുന്നു. ഇനിമേൽ ഇതുപോലെയുള്ള പ്രവൃത്തിചെയ്‌വാൻ നിങ്ങൾക്കു അധികാരമില്ല. പിന്നയൊ ആൺകുട്ടികളുടെ മാമ്മോദീസാ തീൎന്നതിന്റെശേഷം ആ വെള്ളം കല്ലിൽനിന്നു നീക്കിപെൺകുട്ടികൾക്കായി വേറെ വെള്ളം നിറച്ചു് മാമ്മോദീസായുടെ ക്രമം കഴിച്ചു് ആൺകുട്ടികളെപ്പോലെ പെൺകുട്ടികളേയും മുഴുവൻ മാമ്മോദീസാ മുക്കണം-എന്തെന്നാൽ പെൺകുട്ടികളെ കുറയപ്പെട്ട മാമ്മോദീസാ മുക്കുന്നതിന്നു അവരു ആൺകുട്ടികളെക്കാൾ കുറയപ്പെട്ടവരല്ല—സ്ത്രീയിൽനിന്നു പുരുഷനും അപ്രകാരം തന്നെ പുരുഷനിൽനിന്നു സ്ത്രീയും ജനിക്കപ്പെടുന്നു. ഒന്നു മറെറതിനേക്കാൾ അധികത‍മുള്ളതല്ല—എന്നാലൊ പുരുഷന്റെ സാദൃശം പൂൎണ്ണതയുള്ളതാകുന്നു സ്ത്രീയുടെ സാദൃശവും പൂൎണ്ണതയുള്ളതാകുന്നു. അതിനാൽ അവരുടെ മാമ്മോദീസായും പരിപൂൎണ്ണതയുള്ളതായിരിക്കണം—അറപ്പുകെട്ടു ചെയ്യുന്നവൻ തള്ളപ്പെട്ടവനായിരിക്കട്ടെ—ഇനിമേൽ ഠരം ആത്മീക പ്രവൃത്തിയിൽ നിങ്ങൾ ഉപേക്ഷ ചെയ്യരുതു്.

വീട്ടിലും പള്ളിയിലും വെച്ചു് രണ്ടു മാമ്മോദീസാ മുക്കുന്ന മര്യാദ നിങ്ങളുടെഇടയിൽ ഉണ്ടെന്നു നാം കേട്ടു. ഇതു നമ്മുടെ വിശ്വാസത്തിന്നു വിപരീതമായിട്ടുള്ളതാകുന്നു. രണ്ടു പ്രാവശ്യം മാമ്മോദീസാ മുക്കുന്നവൻ പട്ടസുഖത്തിൽ നിന്നും തള്ളപ്പെട്ടവനാകുന്നു. പട്ടസുഖത്തിന്റെ അരൂപിക്കടുത്ത

കാര്യങ്ങളിൽ പ്രവേശിപ്പാൻ അവനു് അധികാരമില്ല. ഇപ്രകാരം നിങ്ങൾ അറിഞ്ഞുകൊള്ളണം. മാനുഷൻപുത്രനു തള്ളയുടെ വയററിൽനിന്നു ശരീരത്തിനടുത്തതും ശുദ്ധമുള്ള മാമ്മോദീസായുടെ വയററിൽ നിന്നു അരൂപിക്കടുത്തതുമായ രണ്ടു ജനനമുണ്ടു്. ഒരുത്തൻ തൻെറ മാതാവിൻെറ വയററിലേക്കു പ്രവേശിച്ചു് അവളിൽനിന്നു രണ്ടാംപ്രാവശ്യം പിറക്കപ്പെടുന്നുണ്ടോ? അരൂപിക്കടുത്ത മാതാവായ മാമ്മോദീസായുടെ വയററിൽനിന്നു പിറക്കപ്പെട്ടവനു രണ്ടാംപ്രാവശ്യം അതിൽനിന്നു പിറക്കപ്പെടുവാൻ അതായതു് രണ്ടാംപ്രാവശ്യം മാമ്മോദീസാ മുഴുകപ്പെടുവാൻ അധികാരമില്ല ശുദ്ധമുള്ള ശ്ലീഹന്മാരുടേയും സ്തുതി ചൊവ്വാകപ്പെട്ട ബാവാന്മാരുടേയും, കാനോനാകളിലും മാമ്മോദീസായിൽ വിശ്വാസമുള്ള യാതൊരു ക്രിസ്ത്യാനികളിലും ഇപ്രകാരമില്ല. ആയതുകൊണ്ടു ഇപ്രകാരം മാമ്മോദീസാ മുക്കുന്ന കശീശായും മുഴുകുന്ന അയ്മെനിയും റൂഹാദക്കുദിശായിൽ നിന്നു ഒഴിയപ്പെട്ടവരാകുന്നു എന്നു നാം നിങ്ങളോടു അറിവിക്കുന്നു. അറപ്പുകെട്ടു ചെയ്യുന്നവൻ നമ്മുടെ ശുദ്ധമാനപള്ളിയുടെ കാനോനായ്ക്കു വിരോധിയാകുന്നു. നമ്മുടെ വാത്സല്യമുള്ളവരെ പട്ടക്കാരുടെ തലവനായ മൂശനിബ്യായ്ക്കു കൊടുക്കപ്പെട്ടതുപോലെ മൂറോൻകൂദാശ തലവരുടെ തലവനും പിതാക്കന്മാരുടെ പിതാവുമായ പാത്രിയക്കീസിനു കൊടുക്കപ്പെട്ടു. ഠരം ദേഹം മൂറോൻകൂദാശചെയ്തു് തൻെറ ജനങ്ങൾക്കു് കൊടുത്തയക്കണം. ഇസ്രായേൽമക്കളുടെ സകല റീശീസാകളും തലമുറതലമുറയ്ക്കു് മൂശക്കും അവൻെറ മക്കൾക്കും കൊടുക്കപ്പെട്ടിരിക്കുന്നു എന്നു ദൈവം മൂശയോടു അരുളിച്ചെയ്തതുപോലെ അവരുടെ വെടിപ്പിന്നു വേണ്ടി റീശീസാകളെ ശേഖരിക്കണം. ഠരം റീശീസാ ദൈവത്തിൽ നിന്നു പാത്രിയക്കീസിനു

കൊട്ടക്കപ്പെട്ട റീശീസാ കൊടുക്കാത്തവനൊക്കെയും ദൈവത്തിനും പാത്രിയക്കീസിനും കടക്കാരനാകുന്നു. പാത്രിയർക്കീസിന്നല്ലാതെ മറെറാരുത്തനും മൂറോൻ കൂദാശ ചെയ്‌വാൻ ദൈവത്തിൽ നിന്നു അധികാരമില്ല. അറപ്പു കെട്ട് ചെയ്യുന്നവനൊക്കെയും ദൈവത്തിൻെറ പള്ളിയിൽ നിന്നു തള്ളപ്പെട്ടവനാകുന്നു. അതുകൂടാതെ മെത്രാപ്പോലീത്തന്മാരേയും എപ്പിസ്കോപ്പന്മാരേയും പട്ടംകെട്ടുവാൻ മറെറാരു അധികാരവും പാത്രിയർക്കീസിന്നു കൊടുക്കപ്പെട്ടു. പാത്രിയർക്കീസു കൂടാതെ യാതൊരുത്തനും മെത്രാപ്പോലീത്തന്മാരേയും, എപ്പിസ്കോപ്പന്മാരേയും, അറപ്പുകെട്ടു പട്ടംകെട്ടിയാൽ കൊടുക്കുന്നവനും, ഏല്ക്കുന്നവനും, ശപിക്കപ്പെട്ടവരും, തള്ളപ്പെട്ടവരും, ആകുന്നു. ഇത് നല്ലവണ്ണം നിങ്ങൾ അറിഞ്ഞുകൊള്ളണം. വീണ്ടും നിങ്ങളുടെ സത്യസ്നേഹത്തോടു നാം കല്പിക്കുന്നു. നിങ്ങൾ വേഗം റീശീസാകൾ ശേഖരിച്ച് ദൈവത്തിൽ നിന്നു പാത്രിയർക്കീസിനു നിങ്ങളുടെ മേലുള്ള കടം നിങ്ങൾ വീട്ടണം.

ഇതാ നിങ്ങളുടെ നിലങ്ങളിൽ കൊയിത വേലക്കാരുടെ കൂലി നിങ്ങൾ അന്യായമായി എടുത്തതിനാൽ അവർ അട്ടഹാസിക്കുന്നു. കൊയിത്തുകാരുടെ നിലവിളി പുരുഷാരങ്ങളുടെ കർത്താവിൻെറ ചെവികൾക്കു പ്രവേശിച്ചു എന്നു യാക്കോബ്ശ്ലീഹാ പറഞ്ഞതുപോലെ കൂലിക്കാരൻെറ കൂലി എന്നല്ലാതെ ഇത് ഒരു സമ്മാനവും ചിലവർപ്പുകളും അല്ലെന്നു നിങ്ങൾ അറിഞ്ഞുകൊള്ളണം.

ഇതുകൊണ്ടു നിങ്ങളോടു നാം കല്പിക്കുന്നു. കൂലിക്കാരൻെറ കൂലി താമസം ചെയ്യാതിരിപ്പാൻ സൂക്ഷ്മതപ്പെട്ടു

കൊൾവിൻ. അബ്രാഹാമ്മിനേയും ഠരംയോബിനേയും പോലെ നീതിമാന്മാർക്കും, പുണ്യവാന്മാർക്കും, നിങ്ങൾ സാദൃശപ്പെട്ടുകൊൾവിൻ. ചൊവ്വുള്ളവരൊക്കയും വേലക്കാരുടെ കൂലി സന്ധ്യയോളം താമസിപ്പിക്കുന്നില്ല—പിന്നയൊ വേലക്കാരുടെ വേല അവസാനിക്കുമ്പോൾ കൂലി കൊടുക്കുന്നു—ബോധജ്ഞാനമുള്ളവനു ബുദ്ധി വിസ്താരം കൊടുക്ക. അവൻെറ ബോധജ്ഞാനം വർദ്ധിക്കപ്പെടും എന്നു ശ്ലോമോൻ പറഞ്ഞതുപോലെ നാം പറയുന്നത് ബോധജ്ഞാനമുള്ളവരോടാകുന്നു—കശീശന്മാരൊക്കെയും തമ്മിൽ തമ്മിൽ സ്നേഹത്തോടും ഐകമത്യത്തോടും കൂടെ ഇരിക്കണം. ഓരോരുത്തൻ തൻെറ ആഴ്ചയിൽ കുർബ്ബാന അണക്കണം—തമ്മിൽ തമ്മിൽ വിരുദ്ധപ്പെടുന്ന നഗരി ഒക്കെയും നശിച്ചുപോകുമെന്നും വിരുദ്ധമുണ്ടാകുന്ന വീടും അതിലെ ജനവും നശിച്ചുപോകുമെന്നും ഏവൻഗേലിയോനിൽ കല്പിച്ചതുപോലെ നിങ്ങളിൽ നിന്നു ഭിന്നതകളും അസൂയയും നീക്കിക്കളയണം പള്ളികളിലെ കശീശന്മാരു് അസൂയക്കാരും ഭിന്നിക്കപ്പെട്ടവരും ആകുന്നു എങ്കിൽ അവരും അവരുടെ ഇടവകയും നശിച്ചുപോകും. എന്തെന്നാൽ അവരുടെ നോമ്പും നമസ്കാരവും കുർബ്ബാനകളും ധർമ്മങ്ങളും ദൈവം കൈക്കൊള്ളുന്നില്ല.

അവരുടെ ശത്രുക്കൾ അവരുടെമേൽ ജയം പ്രാപിക്കും, അവർക്ക് ലജ്ജയുണ്ടാകും. കശീശാ യാതൊരു കുറവില്ലാത്തവനും, അടക്കമൊതുക്കമുള്ളവനും, ക്രമമുള്ളവനും, അടിപ്പാൻ കൈ ഓങ്ങാത്തവനും, ആയിരിക്കണമെന്നും എളിമയുള്ളവനും, ശണ്ഠകൂടാത്തവനും, ദ്രവ്യാഗ്രഹമില്ലാത്തവനും, ദൈവത്തിൻെറ സഭയെ നല്ലതായി ഭരിക്കുന്നവനും, തൻെറ ആത്മീകമക്കളെ സകല വെടിപ്പിലും കീഴമർച്ചയിലും നട

ത്തുന്നവനും, ആയിരിക്കണമെന്നും തന്റെയും, തന്റെ ജന
ങ്ങളുടേയും ആത്മാവിനെ നേടുവാനായിട്ട് ചൊവ്വുള്ളവനും,
ദൈവഭക്തിയുള്ളവനും, ആയിരിക്കണമെന്നും മിശിഹാ
പാപികളെ രക്ഷിപ്പാനായിട്ട ലോകത്തിലേക്കു വന്നു അവ
രുടെ മുമ്പൻ ഞാനാകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ!
എന്നും പൌലോശ്ലീഹാ പറഞ്ഞിരിക്കുന്നു. കശീശന്മാരു്
സമാധാനത്തോടും, സ്നേഹത്തോടും, ഇരിക്കേണ്ടതാകുന്നു.
മാനുഷൻപുത്രാ ഠരം ജനത്തിന്നു കാവൽക്കാരനായിട്ടു്നിന്നെ
ഞാൻ നിശ്ചയിച്ചിരിക്കുന്നതിനാൽ പാപി മരിക്കുമെന്നു
നീ അവനോടു പറകയും അവൻ പാപങ്ങളിൽ നിന്നു അനു
കൂലമുള്ള ജീവസ്സുകളിലേക്കു തിരിയുകയും ചെയ്യുന്നവെ
ങ്കിൽ നിന്റെ ആത്മാവിനെ നീ രക്ഷിക്കുമെന്നും പാപി
യോടു നീ ഉപദേശിക്കുകയും അവന്റെ പാപങ്ങളെക്കു
റിച്ച് അവൻ അനുതപിക്കാതെ പാപത്തിൽ തന്നെ മരി
ക്കുന്നു എങ്കിൽ നിന്റെ ആത്മാവിനെ നീ രക്ഷിക്കുമെന്നും
പാപിയോടു നീ പ്രസംഗിക്കാതെ പാപത്തിൽ തന്നെ
അവൻ മരിക്കുന്നു എങ്കിൽ അവന്റെ രക്തത്തിനായിട്ടു്
നിന്നോടു പകരം ചോദിക്കുമെന്നും ഹസ്കിയെൽ നിബ്യാ
പറഞ്ഞതുപോലെ കശീശാ ആല്മീക പ്രവൃത്തികളിൽ
അസൂയക്കാരനും മടിയനും ആകുന്നു എങ്കിൽ അവനു് ദൈവ
ത്തിൽ നിന്നു കുററമുണ്ടാകും. ഇതിനാൽ നിങ്ങളോടു നാം
അറുവിക്കുന്നു. അരുപിക്കടുത്ത പ്രവൃത്തികളിൽ നിങ്ങൾ
ഉണർന്നു് പ്രസംഗിച്ചു പഠിപ്പിക്കുകയും രാജാക്കന്മാരു്
പ്രഭുക്കന്മാരു് മുതലായ എല്ലാജനങ്ങളും ദൈവഭക്തിയിലും
വെടിപ്പിലും കൂടിയിരിപ്പാനും സത്യ അറിവിലേക്കു് തിരിയു
വാനും ആയിട്ടു് ദൈവത്തിനു സ്തുതിയും സ്തോത്രവും നമസ്കാ
രവും ചെയ്യണം. എന്നാ ഇതു് നമ്മെ ജീവിപ്പിക്കുന്നവനായ
ദൈവത്തിന്റെ തിരുമുമ്പിൽ നല്ലതും കൈക്കൊള്ളത്തക്കതും

ആകുന്നു. എന്തെന്നാൽ ദൈവം ഒരുവനാകുന്നു. ദൈവത്തിന്റെയും മാനുഷമക്കളുടേയും മദ്ധ്യസ്ഥനായ മിശിഹായും ഒരുവനാകുന്നു. താൻ എല്ലാവരേയും രക്ഷിപ്പാനായിട്ട് തന്റെ ജീവനെ കൊടുത്തു. ഇതുപോലെ നാമും മിശിഹായ്ക്ക് സാദൃശ്യമാകേണ്ടതും നമ്മുടെ ആത്മാവുകൊണ്ട് നമ്മുടെ ജനത്തെ നേടേണ്ടതും ആകുന്നു.

പിന്നെയും സത്യമുള്ള നിങ്ങളുടെ സ്നേഹത്തോടു നാം അറിയിക്കുന്നത് എന്തെന്നാൽ നിങ്ങളുടെ ഇടയിൽ തർക്കങ്ങളും ഭിന്നതകളും ഉണ്ടായി നിങ്ങൾക്ക് അധോഗതി ഭവിച്ചിരിക്കുന്നു എന്നു നാം കേട്ടു. ആര് നിങ്ങളെ വഞ്ചിച്ചു എന്നു നാം അറിയുന്നില്ല. നിങ്ങളെ വഞ്ചിച്ചവനെ കഷണം കഷണമായി മുറിച്ചുകളവാൻ നാം ദൈവത്തോടു പ്രാർത്ഥിക്കുന്നു. നിങ്ങളിൽ ചിലർ, ഞാൻ പാത്രിയർക്കീസിന്റേയും ദീവന്നാസ്യോസിന്റേയും ഭാഗമെന്നും ചിലർ, ഞാൻ ബെലയാറിന്റെ ഭാഗമെന്നും മററും പറയുന്നതായി നാം അറിയുന്നു. എന്നാൽ ശുദ്ധമുള്ള പൌലോസ് കൊറിന്ത്യക്കാർക്കു എഴുതിയ കുറിയിൽ പറയപ്പെട്ട വചനം ഒരം കാര്യത്തിൽ നിങ്ങളിൽ നിവൃത്തിയായി. അതായത് നിങ്ങളുടെ ഇടയിൽ തർക്കങ്ങളും വിവാദങ്ങളും ഉണ്ടെന്നു ഞാൻ കേൾക്കുന്നു. നിങ്ങളിൽ ഓരോരുത്തൻ ഞാൻ പൌലൂസിന്നുള്ളവനെന്നും ഞാൻ കേഫാസിന്നുള്ളവനെന്നും ഞാൻ ക്രിസ്തുവിന്നുള്ളവനെന്നും പറയുന്നു. ക്രിസ്തു വിഭാഗിക്കപ്പെട്ടിരിക്കുന്നുവോ? പൌലൂസ് നിങ്ങൾക്കുവേണ്ടി കുരിശിന്മേൽ തറക്കപ്പെട്ടുവോ? അല്ലെങ്കിൽ നിങ്ങൾ പൌലൂസിന്റെ നാമത്തിൽ ജ്ഞാനസ്നാനം ഏററുവോ? ഞങ്ങൾ ഒരു വേലക്കാരനല്ലാതെ കേഫാ ആരാകുന്നു? അപ്പോലൊ ആരാകുന്നു? അല്ലെങ്കിൽ പൌലൂസ് ആരാകുന്നു ഒന്നും ആകുന്നില്ല.

മിശിഹാ നട്ടു അതിനെ ഞങ്ങൾ നനെച്ചു. ഇതിനാൽ നിങ്ങളോടു നാം കല്പിക്കുന്നതു് എന്തെന്നാൽ, തക്കങ്ങളും വിപരീതങ്ങളും നിങ്ങളിൽനിന്നു നീക്കിക്കളെവിൻ. നിഴലായിരിക്കുന്നവയെ നിങ്ങൾ പിടിക്കരുതു്. തൻെറ തിരുനാമത്തിൽ നിങ്ങൾ മാമ്മോദീസാ മുഴുകിയതും തൻെറ സ്ലീബായാലും തൻെറ ശരീരരക്തത്തിൻെറ കണ്ടിപ്പാലും നിങ്ങൾക്കും ലോകം ഒക്കെക്കും രക്ഷയുണ്ടായതുമായ നമ്മുടെ സ്തോത്രത്തലവനായ ഠരംശോമിശിഹായായ ആ കാതലായിരിക്കുന്ന സ്വരൂപത്തിൽ നിങ്ങൾ പിടിച്ചുകൊള്ളുവിൻ.

ശുദ്ധമുള്ള ശരീരരക്തത്തിൻെറ രഹസ്യത്തെ തിരിച്ചറിയാതെ അതിനെ ഭാഗിച്ച് മിശിഹായുടെ ശരീരരക്തം ഒന്നായിരിക്കുമ്പോൾ അതിനെ രണ്ടായി വിഭാഗിച്ച് ശരീരവും രക്തവും വെവ്വേറെ കൊടുക്കുന്ന ചില പട്ടക്കാർ ഉണ്ടെന്നു് നാം കേൾക്കുന്നു. അവക്ക് പട്ടക്കാരെന്നുള്ള പേരു മാത്രം. അല്ലാതെ അവരിൽ പട്ടസുഖമില്ല. എന്നാൽ പട്ടക്കാരൻ ശരീരത്തെ കണ്ടിച്ച് രകതംകൊണ്ടു് അതിൽ വരക്കുന്ന സമയം ചൊല്ലുന്ന രഹസ്യവചനങ്ങൾ നിങ്ങൾ കേട്ടുകൊൾവിൻ "വചനമായിരിക്കുന്ന ദൈവം ഇങ്ങനെ ജഡപ്രകാരം സത്യമായി പാടുപെട്ടു ബലി നല്കപ്പെട്ടു സ്ലീപ്പായിൽ കണ്ടിക്കപ്പെട്ടു തൻെറ ദൈവസുഖം തൻെറ ആത്മാവിൽ നിന്നും ശരീരത്തിൽ നിന്നും ഒരുപ്രകാരവും വേർതിരിയപ്പെടാതെ തൻെറ ആത്മാവു ശരീരത്തിൽനിന്നു് വേർതിരിയപ്പെട്ടു. കുന്തംകൊണ്ടു് തൻെറ വിലാവിൽ കുത്തപ്പെട്ടു. അതിൽനിന്നു ലോകംഒക്കെയും പാപമോചനത്തിനായി രക്തവും വെള്ളവും ഒഴുകി" മിശിഹാ അരുപിപ്രകാരം ജീവനുള്ളവനാകുന്നു എന്നു ഇതിനാൽ സ്പഷ്ടമായിരിക്കുന്നു. എന്തെന്നാൽ, ഒരു

മരിച്ചവനിൽ നിന്നു ഒരിക്കലും രക്തവും വെള്ളവുംപുറപ്പെ ടുന്നതല്ല. പിന്നെ പട്ടക്കാരൻ ശരീരത്തിൻെറ ഒരു കഷണം രക്തത്തിൽമുക്കി ശരിരത്തിന്മേൽ സ്ലീബാവരച്ച ചൊല്ലുന്നു. ‘‘തൻെറ ശരീരം അവയിൽ പുരളപ്പെട്ടു.’’ പിന്നെയും മേൽ പ്രകാരം സ്‌ലീബാ വരച്ച ചെല്ലുന്നു. തൻെറ ആത്മാവ് വന്നു് ലോകമൊക്കയുടേയും പാപത്തിന്നുവേണ്ടി തൻെറ ശരീരത്തോടു ഒന്നിക്കപ്പെട്ടു പിന്നെ ശരീരത്തിൻെറ മററൊരു കഷണം രക്തത്തിൽ മുക്കി സ്‌ലീബാ വരച്ച ചൊല്ലുന്നു—തനിയൻ പുത്രൻ സക്കീപ്പായിൽ മരിച്ച ഇടത്തേ തിൽ നിന്നു നമ്മെ വലത്തേക്ക തിരിപ്പിച്ച. തൻെറ സ്കീ പ്പായുടെ രക്തത്താൽ താൻ നിരപ്പാക്കി. ഭൂമിക്കടുത്തവരോ ടുകൂടെ ആകാശത്തിന്നടുത്തവരേയും പുറജാതികളോടുകൂടെ സ്വജനത്തേയും ശരീരത്തോടു കൂടെ ആത്മത്തേയും താൻ ഒന്നായി യോജിപ്പിച്ചു, മൂന്നാം ദിവസം കബ റിൽ നിന്നു താൻ ഉയർത്തു അമ്മാനുവേൽ ഒരുവനാകുന്നു ഒന്നിപ്പിൻെറ ശേഷം വിഭാഗിക്കപ്പെടുന്നതല്ല. രണ്ടു വർ ഗ്ഗമായി പകുക്കപ്പെടുന്നതുമല്ല. ഇപ്രകാരം നാം വിശ്വ സിക്കുന്നു ഉറക്കുന്നു കൊണ്ടാടുന്നു. പിന്നെ ഠരം ശരീരം ഠരം രക്തത്തിൻേറതാകുന്നു എന്നും പറഞ്ഞു് ശരീര ത്തിൻെറ ഒരു കഷണം കാസായിൽ ഇടുന്നു, പിന്നെ മററൊരു കഷണം എടുത്തു് ഠരം രക്തം ഠരം ശരീരത്തി ൻേറതാകുന്നു എന്നുപറഞ്ഞു് രക്തത്തിൽ മുക്കി പീലാ സ്സായിൻ വെക്കുന്നു. പിന്നെ പീലാസ്സായിൽ വെച്ച് ആ കഷണം മൂന്നു പ്രാവശ്യം രക്തത്തിൽ മുക്കി ശരീരത്തിൽ പിരട്ടുന്നു. ഇതുകൊണ്ടു ശരീരവും രക്തവും ഒന്നാകുന്നു. മി ശിഹായുടെ ശരീര രക്തത്തെ രണ്ടു ഓഹരിയായി വേർതി രിക്കുന്നവൻ മിശിഹായെ രണ്ടു സ്വഭാവങ്ങളും രണ്ടു ദേഹ ങ്ങളുമായി വിഭാഗിച്ച് ശപിക്കപ്പെട്ടവനായ നെസ്തോറിൻെറ

കൂട്ടുകാരനാകുന്നു. എന്നാൽ ശുദ്ധമുള്ള രഹസ്യങ്ങളുടെ കണ്ടിപ്പിന്റെ സമയത്തിൽ ഈ ശരീരം ഈ രക്തത്തിന്റേതെന്നും ഈ രക്തം ഈ ശരീരത്തിന്റേതെന്നും നാം പറയുന്നതിനാൽ മിശിഹാ വിഭാഗിക്കപ്പെടാത്ത ഒരുവനാകുന്നു എന്നു നാം വിശ്വസിക്കേണ്ടതാകുന്നു. നിഖ്യായിൽ കൂടിയ സുന്നഹദോസിൽ നിശ്ചയിച്ചിരിക്കുന്ന പ്രകാരം ശുദ്ധമുള്ള കുർബ്ബാന രഹസ്യത്തെപ്പററി ഹുദായുടെ പുസ്തകം 5-ാം വാക്യത്തിൽ ക്രമപ്പെടുത്തിയിരിക്കുന്നതുപോലെ കിഴക്കിന്നടുത്തവരായ നമ്മുടെ ക്രമം ഇപ്രകാരമാകുന്നു. എന്നാൽ ചില ജാതിക്കാർ അപ്പവും വീഞ്ഞും വെവ്വേറെ കൊടുക്കുന്നുണ്ടെങ്കിലും അവ മേൽപറഞ്ഞപ്രകാരം കണ്ടിക്കയും അപ്പം വീഞ്ഞിൽ മുക്കുകയും ചെയ്യുന്നില്ല. അവർ ആവശ്യം പോലെ ചെയ്യുന്നതല്ലാതെ ഈശോമിശിഹായുടെ കഷ്ടാനുഭവത്തിന്റേയും മരണത്തിന്റേയും ഉയിർത്തെഴുന്നേല്പിന്റേയും രഹസ്യവചനങ്ങൾ ചൊല്ലുന്നില്ലാത്തതുകൊണ്ടും മിശിഹായുടെ ശരീരം മരിച്ചവന്റെ രക്തമില്ലാത്ത ശരീരത്തിന്നു ശരിയാക്കി ശരീരത്തിൽ രക്തം പിരട്ടുന്നില്ലാത്തതുകൊണ്ടും പരിശുദ്ധാത്മാവിന്റെ ആവസിപ്പ് അതിൽ ഇല്ല. അവർ മിശിഹായെ രണ്ടു സ്വഭാവങ്ങളായിട്ടും രണ്ടു ദേഹങ്ങളായിട്ടും വിഭാഗിക്കുന്നു. അവർ അണെക്കുന്നത് മിശിഹായുടെ ശരീരരക്തമെന്നു പൂർണ്ണവിശ്വാസവും അവർക്കില്ല. സ്വരൂപമായ സാരാംശത്തെ അവർ ഉപേക്ഷിച്ച് നിഴലായുള്ളതിനെ പിടിക്കുന്നു.

ആരെങ്കിലും അയോഗ്യതയായി ഈ അപ്പത്തെ ഭക്ഷിക്കയും കർത്താവിന്റെ പാനപാത്രത്തെ കുടിക്കയും ചെയ്താൽ അവൻ കർത്താവിന്റെ ശരീരത്തിന്നും രക്തത്തിന്നും കുററക്കാരനാകും എന്നും ആകയാൽ ഒരു മനുഷ്യൻ തന്നത്തന്നെ

ശോധനചെയ്യണം എന്നും ഠരം ശരീരത്തിൽനിന്നും ഠരം പാന പാത്രത്തിൽനിന്നും അവൻ തിന്നുകുടിക്കയും വേണം എന്നും എന്തെന്നാൽ അയോഗ്യതയായി ഭക്ഷിക്കയും കുടിക്കയും ചെയ്യുന്നവൻ ഭക്തികൂടാതെ കർത്താവിന്റെ ശരീരരക്തങ്ങൾ അനുഭവിക്കുന്നതിനാൽ അവൻ തനിക്കായിതന്നെ ശിക്ഷാവിധിയെ ഭക്ഷിക്കയും കുടിക്കയും ചെയ്യുന്നു '' എന്നും 'ഇതുനിമിത്തം നൊമ്പരപ്പെട്ടവരും രോഗപ്പെട്ടവരും മരിക്കുന്നവരും വളരെയാകുന്നു' എന്നും ശുദ്ധ പൌലോസ് പറഞ്ഞിരിക്കുന്നതുപോലെ സത്യമായിട്ട് മിശിഹായുടെ ശരീരരക്തം ആകുന്നു എന്ന് ഒരു ഭക്തിയും വിശ്വാസവും അവർക്കില്ല. പിന്നെയും നമ്മെത്തന്നെ നാം വിധിക്കുന്നു എങ്കിൽ നാം വിധിപെടാതെ ഇരിക്കുമായിരുന്നു എന്നും നമ്മുടെ കത്താവിനാൽ നാം വിധിപെടുമ്പോൾ ലോകത്തോടുകൂടെ നാം കുററപ്പെടാതിരിപ്പാനായിട്ട് ശിക്ഷപെടുവാൻ നാം ശിക്ഷപെടും'' എന്നും പറഞ്ഞിട്ടുള്ളതിനേയും ഓ<u>ത്ത്</u>കൊൾവിൻ.

നമ്മുടെ വാത്സല്യമുള്ളവരേ! കള്ളഉപദേശത്താൽ ആരും നിങ്ങളെ വഞ്ചിക്കാതെയും വിശ്വാസികൾക്ക് ജീവരക്ഷയുണ്ടാകുന്ന ആത്മീക രഹസ്യത്തിൽനിന്നു ആരും നിങ്ങളെ തിരിപ്പിക്കാതെയും ഇരിപ്പാനായിട്ട് നിങ്ങൾ സൂക്ഷ്മതപ്പെട്ടുകൊൾവിൻ.

പിന്നെയും പരമാത്ഥികളായ ജനങ്ങളിൽനിന്നു ഗുരുഭൂതന്മാർ എന്നും അദ്ധ്യക്ഷന്മാരെന്നും വിളിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവരായ നിഗളികളിൽ നിന്നും അഹംഭാവികളിൽനിന്നും നിങ്ങൾ സൂക്ഷ്മതപ്പെട്ടുകൊൾവിൻ. ഉദയനക്ഷത്രമായിരുന്ന പ്രധാന ദൈവദൂതൻ നിഗളം നിമിത്തം അന്ധകാരത്തിലേക്ക് തള്ളപ്പെടുന്നതിന് സംഗതി വന്നു

എന്നും അപ്രകാരം അവനു് സ്നേഹിതന്മാരായി തീൎന്നു് അവരുടെ സ്രഷ്ടാവായ ദൈവത്തിന്നു് വിരോധികളായി സാധുക്കളായ ജനത്തെ അവരുടെ നയവഞ്ചനത്താൽ തട്ടിക്കുന്നവരു് മേൽപറഞ്ഞ ഇരുൾവാസികൾക്കു് സമമായി തീരുമെന്നുള്ളതിനെ അവർ അറിയുന്നില്ലാ.

എന്നാൽ സെലൂൻ ബശ്ലാമ്മാ എന്ന മൊഴി ചൊല്ലികഴിഞ്ഞാൽ ജനമൊക്കെയും പിരികയും കുർബ്ബാന കൈക്കൊള്ളുന്നതിന്നു് ഒരുങ്ങപ്പെട്ടിട്ടുള്ളവർ താമസിച്ചു കുർബ്ബാന കൈക്കൊള്ളുകയും ചെയ്തു വരുന്നു. ഇനിമേൽ യാതൊരു പട്ടക്കാരനും സെലൂൻ ബശ്ലാമാ ചൊല്ലുന്നതിന്നുമുമ്പു ജനത്തിന്നു കുർബ്ബാന കൊടുപ്പാൻ ദൈവത്തിൽ നിന്നു അധികാരം ഇല്ല. ഈ കല്പനയെ ധിക്കരിക്കുന്നവൻ തന്റെ പട്ടത്വത്തിൽ നിന്നും ഒഴിയപ്പെട്ടവൻ ആയിരിക്കും.*

പിന്നെയും ചിലർ ഒരു ദിവസം ഒരു തൊണ്ണോസിന്മേൽ രണ്ടു പ്രാവശ്യം കുർബ്ബാന അണെച്ചുവരുന്നതായി നാം കേട്ടിരിക്കുന്നു. അവർ തബലൈത്താ മാറി വെക്കുന്നു എന്നു ഒരു

---

* വി: കുർബ്ബാനക്കുശേഷം പട്ടക്കാരൻ പടിഞ്ഞാറോട്ടു തിരിഞ്ഞു് റൂശ്മാ ചെയ്തുകൊണ്ടു് "നിങ്ങളെല്ലാവരും സമാധാനത്തോടെ പോകുവിൻ" എന്നു പറയുന്നതിനുശേഷമല്ലാതെ ജനത്തിനു് വി: കുർബ്ബാന കൊടുക്കരുതെന്നു് സഭയുടെ കാനോനിലും പറയുന്നു. കാനോൻ 4-ാം അദ്ധ്യായത്തിൽ പറയുന്നതിപ്രകാരമാണു്, "കുർബ്ബാന കൊടുക്കുന്ന സമയത്തെക്കുറിച്ചു്, ഇപ്പോൾ മുതൽ ഞങ്ങൾ തീരുമാനിക്കുന്നതെന്തെന്നാൽ, അവസാനത്തിൽ "നിങ്ങളെല്ലാവരും സമാധാനത്തോടെ പോകുവിൻ" എന്നതിനു ശേഷമായിരിക്കണം കുർബാന കൊടുക്കേണ്ടതു്."

കാരണവും പറയുന്നു. എന്നാൽ, തബലൈത്തായുടേയും തൊണ്ണോസിന്റേയും ദൃഷ്ടാന്തം ഇന്നതെന്നു അവർ അറിയുന്നില്ല. തബലൈത്താ, മിശിഹായുടെ സ്ലീപ്പായുടെ സാദൃശവും, തൊണ്ണോസ്, തന്റെ കബറിന്റെ സാദൃശവും, ആകുന്നു. ഒരു പ്രാവശ്യം മിശിഹാ കുരിശിൽ മരിക്കയും ഒരു പ്രാവശ്യം കബറിൽ അടക്കപ്പെടുകയും ഒരു പ്രാവശ്യം ഉയിർത്തെഴുന്നേല്ക്കയും ചെയ്തിരിക്കകൊണ്ടു് തന്റെ കുരിശാരോഹണത്തിന്റേയും തന്റെ കബറടക്കത്തിന്റേയും രഹസ്യമാകുന്ന തബലൈത്താമേലും തൊണ്ണോസിന്മേലും നാം ഒരു ദിവസം ഒരു പ്രാവശ്യമെ കുർബാന അണക്കാവൂ. എന്നാൽ, ഒരു തൊണ്ണോസിൽ ഒരു ദിവസം രണ്ടു പ്രാവശ്യം കുർബാന അണെക്കുന്നവനൊക്കയും മിശിഹായെ കുരിശിൽ തൂക്കിയവരോടുകൂടെ കണക്കിടപ്പെടുകയും രണ്ടാം പ്രാവശ്യം നമ്മുടെ കർത്താവിനെ അവൻ കുരിശിൽ തറക്കയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, വഞ്ചനയോടുകൂടെ ആത്മകാര്യം ചെയ്യുന്നവൻ ശപിക്കപ്പെട്ടവനാകുന്നുയെന്നു് നിബ്യാ പറഞ്ഞിരിക്കുന്നതുപോലെ നമ്മുടെ കർത്താവിന്റെ മരണത്തിന്റെ ഓർമ്മയെ ലൌകീക വ്യാപാരമാക്കിത്തീർത്തു് തന്നെക്കൊണ്ടു പരിഹസിക്കുന്നു. ഇവർ കുർബാന അണെക്കുകയും തന്റെ സ്കീപ്പ സായുടേയും തന്റെ കബറടക്കത്തിന്റേയും തന്റെ ഉയിപ്പിന്റേയും ഓർമ്മയെ ചെയ്യുന്നതും ചക്രം വാങ്ങിക്കുന്നതിന്നു വേണ്ടിയല്ലാതെ ദൈവഭക്തിയെക്കുറിച്ചല്ല. ഇതു നിമിത്തം അവരുടെ കുർബാന ദൈവത്തിന്റെ മുന്നിൽ കൈക്കൊള്ളപ്പെടുന്നതല്ല. അവർ വഞ്ചനയോടെ ചെയ്യുന്നതിനാൽ അവരുടെമേലും അവരുടെ ജനത്തിന്മേലും അനുഗ്രഹത്തിന്നു പകരം ശാപം ഉണ്ടാകും. ഇനിമേലാൽ ഒരു ദിവസം ഒരു തൊണ്ണോസിന്മേലോ ഒരു തബലൈത്താമേലോ ആരെങ്കിലും രണ്ടു പ്രാവശ്യം

കുർബാന അണെച്ചാൽ അവൻ ശപിക്കപ്പെട്ടവനും പട്ടസുഖത്തിൽ നിന്നു ഉരിയപ്പെട്ടവനും പള്ളിയിൽ നിന്നു് തൃജിക്കപ്പെട്ടവനും ആകുന്നു. ഒരു ദിവസം രണ്ടു പ്രാവശ്യം ഒരു മദ്ബഹാമേലും ഒരു തബലൈത്താമേലും കുർബാന അണപ്പാൻ എപ്പിസെ്ക്കാപ്പാക്കെങ്കിലും കശീശാക്കെങ്കിലും ദൈവത്തിൽ നിന്നു് അധികാരമില്ലായെന്നും എപ്പിസെ്ക്കാപ്പായൊ കശീശായൊ ഒരു മദ്ബഹാമേലൊ ഒരു തബലൈത്താമേലൊ ഒരു ദിവസത്തിൽ രണ്ടുപ്രാവശ്യം കുർബാന അണെച്ചാൽ അവൻ ശപിക്കപ്പെട്ടവനാകുമെന്നും ഹൂദായുടെ പുസ്തകം രണ്ടാം പാസൂക്കായിൽ പറഞ്ഞിരിക്കും വണ്ണം കാനോനാ പ്രകാരവും ശട്ടപ്രകാരവും നാം ഇതു കല്പിച്ചിരിക്കുന്നുയെന്നു നിങ്ങൾ അറിഞ്ഞുകൊൾവിൻ. പിന്നെയും കശീശന്മാരോ ശെമ്മാശന്മാരൊ രാത്രിയുടെ നമസ്ക്കാരം നമസ്ക്കരിക്കാഞ്ഞാൽ മദുബഹായിലേക്കു പ്രവേശിപ്പാൻ ന്യായമില്ല. ഇപ്രകാരം തന്നെ പഴെ കാലത്തിൽ നിത്യം ഒരു പ്രാവശ്യം കുററമില്ലാത്ത കുഞ്ഞാട്ടം രക്തമില്ലാത്ത ബലിയും പൂജ സ്ഥലത്തിൽ കാഴ്ച അണച്ചു വന്നു. ഇതിനാൽ ബലിയായ കുഞ്ഞാടുകളും, മുട്ടാടുകളും, കാളകളും, ചെങ്ങാലികളും, പ്രാവുകളും, കോഴികളും, മുതലായ ജീവജന്തുക്കളെ ബലിയായി ശുദ്ധമാന പള്ളിയിലും അണപ്പാൻ ഒരു പ്രകാരവും നമുക്കു ന്യായമില്ല. അവയുടെ നെയ്യും അവയുടെ നെയ്യു് കൊണ്ടുള്ള മെഴുകുതിരികളും ശുദ്ധമാന പള്ളിയിൽ അണക്കുന്നതിനും അവയുടെ നെയ്യുകൊണ്ടു് പള്ളിയിൽ വിളക്കുകത്തിക്കയൊ മററു ഏതെങ്കിലും ചെയ്യുന്നതിനു് ഒരു പ്രകാരവും ദൈവത്തിൽ നിന്നു് അധികാരമില്ല. ആയതല്ലാതെ ലംഘിച്ചു് ചെയ്യുന്നവൻ നമ്മുടെ കർത്താവിനെ കുരിശിൽ തൂക്കിയവരായ യൂദന്മാർക്കു് ശരിയാകുന്നു. വിശ്വസിച്ചവ

രായ നമുക്ക് രക്ഷ ഉണ്ടായ മിശിഹായുടെ ശരീരരക്തമായ രക്തം കൂടാത്ത ആ ബലിയിൽ യാതൊരു ഓഹരിയും അവനില്ല. എന്നാൽ, ദൈവപുത്രന്റെ ശരീരരക്തം അനുഭവിക്കുന്നവൻ മരിക്കയില്ലാ എന്നന്നേക്കും അവൻ ജീവിച്ചിരിക്കുമെന്നു പറഞ്ഞിട്ടുള്ളതിനാൽ മിശിഹായുടെ ശരീരരക്തം അനുഭവിച്ചവരായ നമുക്കും നമ്മുടെ മരിച്ചവർക്കും എന്നേക്കുമുള്ള ജീവസ്സുകൾ ഉണ്ടെന്നും അവിശ്വാസികൾക്ക് ആ ജീവസ്സുകൾ ലഭിക്കയില്ലെന്നും വിശ്വസിക്കേണ്ടിയിരിക്കുന്നു.

പിന്നെയും നിങ്ങളുടെ മരിച്ചവരെ ശവസംസ്ക്കാരത്തിന്റെ ശുശ്രൂഷ കൂടാതെ നിങ്ങൾ അടക്കുന്നു എന്നും അതിന്റെശേഷം അവർക്കു നിങ്ങൾ ഓർമ്മകഴിക്കയും അവർക്കുവേണ്ടി നിങ്ങൾ കുർബാന അണക്കയും ശുശ്രൂഷകളിലും നമസ്ക്കാരങ്ങളിലും അവരെ ഓൎക്കുകയും അവരുടെ ആത്മരക്ഷക്കുവേണ്ടി ധൎമ്മം കൊടുക്കയും മററും ചെയ്യുന്നില്ലായെന്നും നാം കേട്ടു. എന്നാൽ, ദൈവത്തിന്റെ മക്കൾ നാം ആയിതീരുവാനായിട്ട് അവർ ജീവിച്ചിരിക്കുമ്പോൾ നമ്മെ പഠിപ്പിച്ചിട്ടുള്ള നമ്മുടെ പിതാക്കന്മാരെ കുർബാനകളിലും നമസ്ക്കാരങ്ങളിലും നാം ഓൎക്കപ്പെടണമെന്നും അഴിവില്ലാത്ത ലോകത്തിൽ നീതിമാന്മാരോടു കൂടെയും പുണ്യവാന്മാരോടു കൂടെയും സ്വർഗ്ഗരാജ്യത്തിൽ ദൈവപുത്രൻ അവരെ അനുകൂലമാക്കുമെന്നും മരിച്ചവരുടെ ഓൎമ്മക്കായിട്ട് ഠരം ലോകത്തിൽ കാഴ്ച അണെക്കുന്നവൎക്ക് ഭാഗ്യം എന്നു് ആത്മാക്കൾ തമ്മിൽതമ്മിൽ പറയുമെന്നും മാർ അപ്രേം പറഞ്ഞിരിക്കുന്നു. പിന്നെയും, മെനിയാനാ പുസ്തകത്തിൽ പറയുന്നതെന്തന്നാൽ മൂശ ബലിയുടെ സമയത്തിൽ റൂബേലിന്റെ അസ്ഥികൾമേൽ രക്തം തളിച്ച് റൂബേൽ തന്റെ സഹോദ

രന്മാരോട്ട കൂടെ ജീവിക്കും മരിക്കയില്ലായെന്നു പറഞ്ഞിരി
ക്കുന്നു. എന്നാൽ ജീവജന്തുക്കളുടെ രക്‌തത്താൽ റൂബേ
ലിന്റെ പാപം മോചിക്കപ്പെട്ടുവെങ്കിൽ വിശ്വാസികളായ
മരിക്കപ്പെട്ടവൎക്കുവേണ്ടി ബലി നല്കപ്പെട്ട മിശിഹായുടെ ജീവ
നുള്ള രക്തത്താൽ അവരുടെ കടങ്ങളും പാപങ്ങളും എത്രയോ
മോചിക്കപ്പെടുന്നതാകുന്നു. അതിനാൽ മിശിഹായുടെ രക്ത
ത്താൽ വിശ്വാസികളായ മരിച്ചവൎക്ക് പാപമോചനം ഉണ്ടാ
കുമെന്നു പ്രത്യേകം വിശ്വസിപ്പാൻ നമുക്കു യോഗ്യമാ
കുന്നു. എന്റെ ആത്മമേ കർത്താവിനെ നീ വാഴ്ത്തുക.
എന്റെ അസ്ഥികൾ ഒക്കെയുമെ ശുദ്ധമുള്ള തന്റെ തിരു
നാമത്തെ വാഴ്ത്തുക. നിന്റെ നേരുകേടു താൻ ക്ഷമിച്ച
നിന്റെ സകല നൊമ്പരങ്ങളും താൻ സൗഖ്യമാക്കുന്നു
എന്നും ദാവീദ് നിബ്യാ ആത്മാക്കളെക്കുറിച്ചും അസ്ഥി
കളെക്കുറിച്ചും ദീർഘദർശനം പറഞ്ഞ പ്രകാരം മരിച്ച
വനെക്കുറിച്ച് ഓർമ്മയുണ്ടാകുന്ന സമയത്തിൽ ആത്മാവ്
സന്തോഷിച്ച് ആനന്ദിക്കയും കർത്താവിനെ വാഴ്ത്തു
കയും ചെയ്യുന്നു. റൂബേലിന്റെ അസ്ഥികൾ രക്‌തത്തു
ളിപ്പുകളാൽ വെണ്മയാകപ്പെട്ട പ്രകാരം മരിച്ചവരുടെ
അസ്ഥികൾമേൽ തളിക്കുന്നതായ ജീവസ്സുകളുടെ പനി
നീരിൽ അവയ്ക്കു അറിവുണ്ടാകുമെന്നും അവകൾ ദൈവ
ത്തെ സ്തോത്രം ചെയ്യുമെന്നും സ്പഷ്ടമായിരിക്കുന്നു.
ഇപ്രകാരം നമ്മുടെ മരിച്ചവരുടെ ആത്മപാപങ്ങൾ മോചി
ക്കപ്പെട്ട വെണ്മയാകപ്പെട്ട എന്ന് അവകൾ അറികയും അ
വരുടെ അസ്ഥികൾ ആനന്ദിക്കുകയും ചെയ്യുന്നതാകുന്നു.
അതു് എന്നിൽ വിശ്വസിക്കുന്നവൻ മരിക്കയില്ലാ നിത്യജീ
വൻ ഉണ്ടാകുമെന്നു നമ്മുടെ കർത്താവീശോമിശിഹാ അരു
ളിച്ചെയ്തിരിക്കുന്ന പ്രകാരം തന്നെ. എന്നാൽ തന്റെ മരിച്ച
വനു് ഓർമ്മചെയ്യാത്തവനു് അവസാനത്തെ ഉയർപ്പിൽ വി

ശ്വാസം ഇല്ല. എന്തെന്നാൽ അവസാനത്തിൽ മനുഷ്യൻ പുത്രൻ തന്റെ പിതാവിന്റെ മഹത്വത്താൽ എഴുന്നെള്ളുമ്പോൾ പന്ത്രണ്ട സിംഹാസനങ്ങൾമേൽ നിങ്ങൾ ഇരുന്ന് ഇസ്രായേൽ പുത്രന്മാരുടെ പന്ത്രണ്ട ഗോത്രങ്ങളെ നിങ്ങൾ വിധിക്കും എന്നു് നമ്മുടെ കർത്താവു് ശുദ്ധമുള്ള തന്റെ ശ്ലീഹന്മാരോട്ടു് അരുളിച്ചെയ്തു. എന്നാൽ ശ്ലീഹന്മാർ എല്ലാവരും മരിച്ചു. അവർ ഉയിർത്തെഴുന്നേല്ക്കുന്നില്ലായെങ്കിൽ എങ്ങിനെ ഇസ്രായേൽ പുത്രൻമാരെ അവർ വിധിക്കുന്നു. ഇതിനാൽ മരിച്ചവർക്കുവേണ്ടി ചെയ്യുന്ന കുർബാനകളാലും പ്രാർത്ഥനകളാലും രക്ഷയുണ്ടെന്നു നിങ്ങൾ വിശ്വസിക്കയില്ലെങ്കിൽ നീതിമാന്മാരിൽ നിന്നും പുണ്യവാളരിൽ നിന്നും നിങ്ങൾ വിധിപെട്ടകയും അവിശ്വാസികളായ കാവ്യരോട്ടകൂടെ ഓഹരിക്കാരാകയും ചെയ്യും. പൊതുവിന്നടത്ത അവസാനത്തെ ഉയിർപ്പിൽ വിശ്വാസമില്ലാത്തതുകൊണ്ടു് അവരുടെ മരിച്ചവരെ അഗ്നിയിൽ ദഹിപ്പിക്കുന്ന വിഗ്രഹാരാധനക്കാർക്ക് നിങ്ങൾ ശരിയാകയും ചെയ്യും. എന്നാൽ ഉയർപ്പിൽ നീതിമാനായ ന്യായാധിപതി നീതിയാലെ ന്യായം വിധിച്ച് എല്ലാവനും അവനവന്റെ പ്രവൃത്തിപോലെ പ്രതിപകരം ചെയ്യുന്നുയെന്നു വിശ്വസിപ്പാൻ ക്രിസ്ത്യാനികളായ നമുക്കു ന്യായമാകുന്നു. മരിച്ചവരുടെ ഉയർത്തെഴുന്നേല്പിനെക്കുറിച്ച് ശുദ്ധമുള്ള ഏവൻഗേലിയോനിലും ശ്ലീഹൻമാരുടെ പുസ്തകങ്ങളിലും അനേകസ്ഥലങ്ങളിലും കല്പിച്ചിട്ടുള്ള പ്രകാരം നമ്മുടെ മരിച്ചിരിക്കുന്ന പിതാക്കൻമാരേയും സഹോദരന്മാരേയും കുർബാനകളാലും നമസ്കാരങ്ങളാലും ധമ്മങ്ങളാലും നാം ഓർക്കണമെന്നു സ്തുതി ചൊവ്വാകപ്പെട്ട ബാവാന്മാരും നമ്മോട കല്പിച്ചിരിക്കുന്നു. അതിനാൽ ബലഹീന

ന്മാരും പാപികളും ആയ നാം വിശ്വാസികളായ നമ്മുടെ മരിച്ചവരുടെ ആത്മങ്ങൾമേൽ അനുഗ്രഹം ചെയ്‌വാനും സ്വർഗ്ഗത്തിന്നടുത്ത ഊർശലെമിൽ അവരെ അനുകൂലമാക്കുവാനും ആയിട്ടു എല്ലാസമയവും ദൈവത്തോട്ട് അപേക്ഷിക്കണം എന്തെന്നാൽ ദൈവം അനുഗ്രഹമുള്ളവനും തന്റെ തൃക്കൈകളാൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന സൃഷ്ടികളുടെ നാശത്തിൽ മനസ്സില്ലാത്തവനും ആകുന്നതുകൊണ്ടു നാം ചെയ്യുന്ന നന്മകൾ ഒന്നും ഒരിക്കലും തന്റെ തിരുമുന്നിൽ നഷ്ടമായി തീരുന്നതല്ലാ. ഇതുകൊണ്ട് ഇഹലോകത്തിന്റെ നന്മകളാൽ നമ്മുടെ മരിച്ചവരെ ഓപ്പാനും അവരുടെ ആത്മാക്കൾക്കുവേണ്ട കുർബാനകളും ധർമ്മങ്ങളും ചെയ്‌വാനും നമുക്കു ന്യായമാകുന്നു. എന്നാൽ ശുദ്ധമുള്ള തന്റെ ശരീരരക്തം അനുഭവിച്ചവരായ വിശ്വാസികളായി മരിച്ചവരുടെ അസ്ഥികൾമേൽ അനുഗ്രഹങ്ങളുടെ പനിനീരു് നീ തളിച്ച് നിന്റെ പെരുമ സുഖം ഉഷസ്സുന്ന ദിവസത്തിൽ നിന്റെ വലത്തുഭാഗത്തു നില്പാൻ അവർക്കു നീ സംഗതി ആക്കണമെ എന്ന് ശുദ്ധമുള്ള മാർ അപ്രേം പറഞ്ഞിരിക്കുന്നതിനാൽ വിശ്വാസികളായ നമ്മുടെ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കയും കുർബാന അണെക്കയും ധർമ്മം കൊടുക്കയും ചെയ്താൽ അനുഗ്രഹക്കാരനായ ദൈവം അവർ പ്രവർത്തിച്ചിട്ടുള്ള കുററങ്ങളും പാപങ്ങളും ക്ഷമിച്ചു് തന്റെ വലത്തുഭാഗത്തു അവരെ താൻ നിർത്തുന്നതുമാകുന്നു. ഇതിനാൽ ശവസംസ്കാരത്തിന്റെ ശുശ്രൂഷ കൂടാതേയും കുർബാന ധർമ്മം മുതലായ നന്മപ്രവൃത്തികൾ കൂടാതേയും നിങ്ങളുടെ മരിച്ചവരെ അടക്കുവാൻ ഒരു പ്രകാരവും ദൈവത്തിൽ നിന്നു നിങ്ങൾക്കു അധികാരം ഇല്ലാ. മരിച്ചവരുടെ ഉയിർപ്പിനെക്കുറിച്ച സത്യവിശ്വാസ

മുള്ള ക്രിസ്ത്യാനികൾക്കു യോഗ്യമാകുന്ന പ്രകാരമുള്ള ബഹുമാനം അവക്ക് നിങ്ങൾ ചെയ്തുകൊള്ളണമെന്നു നിങ്ങളോടു നാം കല്പിക്കുന്നു.

പിന്നെയും അവസാന ദിവസം അടുത്തിരിക്കുന്നുവെന്നും അഞ്ചുസംവത്സരത്തിൻെറ ശേഷം മിശിഹാ വരുമെന്നും പറഞ്ഞു് തട്ടിക്കുന്ന ചില വേദവിപരീതകൾ നിങ്ങളുടെ ഇടയിൽ ഉണ്ടെന്നു നാം കേൾക്കുന്നു. എന്നാൽ കർത്താവിൻെറ ദിവസം രാത്രിയിൽ കള്ളൻ വരുന്നതുപോലെ ആകുന്നുവെന്നും അതിനാൽ ആ സമയങ്ങളേക്കുറിച്ചും നിങ്ങൾക്കു എഴുതുവാൻ ദിഷ്ടതിയായിരിക്കുന്നില്ലെന്നും സമാധാനവും നിരപ്പും ആകുന്നുവെന്നു പറഞ്ഞു കൊണ്ടിരിക്കുമ്പോൾ ഗർഭമുള്ളവളുടെ മേൽ പ്രസവ വേദനപോലെ പെട്ടന്നുള്ള നാശം അവരുടെ മേൽ വന്നു കൂടുമെന്നും പൌലോസു തെസ്സലോനിയ്ക്ക എഴുതിയിരിക്കുന്ന ലേഖനത്തിൽ പറഞ്ഞിരിക്കുന്നതു് നിങ്ങൾ കേട്ടിട്ടില്ലയോ? ഇതിനാൽ മിശിഹായുടെ വരവു് ഏതാണ്ടിൽ ഏതു മാസത്തിൽ ഏതു ദിവസത്തിൽ ഏതു നാഴികയിൽ ഏതുസമയത്തിൽ എന്നു ആക്കും അറിഞ്ഞുകൂടാത്തതാകുന്നു. എന്നാൽ ഈ വഞ്ചകന്മാരായ തിന്മപെട്ടവർ നിഗളത്താൽ ഞങ്ങൾ നിബ്യന്മാരെന്നും വരുവാനിരിക്കുന്നതിനെ അറിയുന്നവരെന്നും പറഞ്ഞുവരുന്നു. മത്തായി ശുദ്ധമുള്ള ഏവൻഗേലിയോനിൽ കള്ള നിബ്യന്മാരും പലരും ഉണ്ടായി പലരേയും തട്ടിക്കുമെന്നും പറഞ്ഞിരിക്കുന്നതുപോലെ ഇവർ സത്യമായിട്ടും കള്ള ദീർഘദർശിമാരാകുന്നു. പിന്നെയും എൻെറ നാമത്തിൽ പലരുംവന്നു മിശിഹാ ഞാനാകുന്നു എന്നു പറഞ്ഞു പലരേയും തട്ടിക്കുമെന്നും അതിനാൽ ഒരുത്തനും നിങ്ങളെ തട്ടിക്കാതെ നിങ്ങൾ സൂഷ്മപ്പെട്ടുകൊൾവിൻ എന്നും മററും

അനേകസ്ഥലങ്ങളിൽ ഈ കാര്യത്തെക്കുറിച്ചു് വിവരിച്ചു പറഞ്ഞിട്ടുണ്ടല്ലോ. അതിനാൽ നമ്മുടെ കർത്താവായ യേശുമിശിഹാ മുൻകൂട്ടി നമ്മെ സൂക്ഷ്മപ്പെടുത്തീട്ടുള്ളതിനാൽ ഈ കള്ള ദീർഘദർശിമാരുടെ തട്ടിപ്പിലും അവരുടെ വശീകരത്തിലും നിങ്ങൾ ഉൾപ്പെട്ടു പോകരുതു.

നിങ്ങളുടെ മരിച്ചവരുടെ കബറുങ്കൽ കുമ്പിടുന്നതായി നാം അറിയുന്നു. ദൈവത്തെ അല്ലാതെ മററാരെയും വന്ദിപ്പാനും കുമ്പിടുവാനും നമുക്കു ന്യായമില്ലാത്തതിനാൽ ഇനിമേൽ മരിച്ചുപോയ നിങ്ങളുടെ പിതാക്കന്മാരുടെ കബറുങ്കൽ കുമ്പിടുവാൻ ദൈവത്തിൽനിന്നു നിങ്ങൾക്ക അധികാരമില്ല. അവരുടെ ഓർമ്മദിവസങ്ങളിൽ കുർബ്ബാന ചൊല്ലിക്കകയും അതിന്റെ ശേഷം പട്ടക്കാരൻ കബറുങ്കൽ വന്നു് "അഹദ മറാഹെം ആബൊ" എന്നുള്ള കുക്കലിയോൻ മുതലായതു ചൊല്ലി ധൂപം വയ്ക്കയും വേണം. ഒരുത്തന്റെ മരണസമയം ആകുമ്പോൾ ശുദ്ധ: കാനോനായിൽ പറഞ്ഞിരിക്കുന്ന പ്രകാരം മുഖം കിഴക്കോട്ടു തിരിപ്പിച്ചു് കുപ്പായം ധരിപ്പിച്ചു് അരക്കെട്ടു കെട്ടണം. വിശ്വാസപ്രമാണം ചൊല്ലുന്നതിൽ ഞങ്ങൾ വിശ്വസിക്കുന്നു എന്നുള്ള ബഹുവചനത്തിനു പകരം ഞാൻ വിശ്വസിക്കുന്നു എന്നുള്ള ഏകവചനം ചൊല്ലണം. മരണശേഷം നമസ്ക്കരിക്കുന്നതല്ലാതെ പുറജാതികളെപ്പോലെ കൂട്ടമായി നിലവിളിക്കുകയും നിലവിളിപ്പിക്കുകയും ചെയ്യരുതു്. അയ്മേനികളുടെ ശവങ്ങൾ വെള്ളം കൊണ്ടുമാത്രം കഴുകുകയും വെടിപ്പുള്ള കുപ്പായങ്ങൾ ധരിപ്പിക്കുകയും ചെയ്യുന്നതല്ലാതെ എണ്ണ പുരട്ടി കുളിപ്പിക്കയും വിലയേറിയ കുപ്പായങ്ങൾ ഇടുവിക്കുകയും ഇവിടങ്ങളിൽ ചെയ്തു വരുന്ന പ്രകാരം ശേഷക്കാർ ശവത്തിന്മേൽ വസ്ത്രം ഇടുകയും ചെയ്യരുതു്. കബറുണ്ടാ

ക്കി ശവം അടക്കണം ശവത്തിന്മേലും കബറിലും വെള്ളം തളിക്കരുത്. സൈത്തിന്നു പകരം മണ്ണ് റൂശ്മാ ചെയ്തു് മുന്ന ത്രിത്തിൻെറ നാമത്തിൽ ശവത്തിൻെറ മുഖത്തും നെഞ്ചത്തും മുട്ടുകളിലും പട്ടക്കാരൻ മാത്രം ഇട്ടു ക്രമമായി അടക്കണം. കബറു പണുതിട്ടില്ലെങ്കിൽ ശവത്തിന്മേൽ വേറെ മണ്ണു വീഴാതിരിപ്പാൻ പലക വച്ചു ശവം അടക്കണം. ഇപ്രകാരമല്ലാതെ കുറെ മണ്ണിട്ടതിൻെറ ശേഷം വെള്ളം ഒഴിച്ചു തുമ്പാകൊണ്ടും മററു ഇടിക്കരുത്. ശരണമില്ലാത്ത കാവ്യരെപ്പോലെ നാം പ്രവർത്തിക്കരുത്. നമുക്കു ഉയർപ്പിൻെറ ആശാബന്ധം ഉള്ളതിനാൽ ഭൂമിയിൽ വിതക്കുന്ന വിത്തിനെപ്പോലെ നാം ഇതിനെ വിചാരിക്കേണ്ടതാകുന്നു. കബറിൽ പഴെ അസ്ഥികൾ ഉണ്ടായിരുന്നാൽ അവയെ എടുത്തു് ശവത്തിൽനിന്നു് മേൽ വയ്ക്കുന്ന പലകയുടേയൊ കല്ലിൻേറയൊ പുറത്തുവച്ച് ക്രമമായി അടക്കണം. എല്ലാ കുഡുംബക്കാൎക്കും വെവ്വേറെ കബറുകൾ ഉണ്ടായിരിക്കണം. ശവസംസ്ക്കാരയാത്രയിൽ കുരിശും മണിയുംധൂപക്കുററിയും ഉണ്ടായിരിക്കുകയും പട്ടക്കാൎക്ക് തങ്ങളുടെ സാധാരണ വസ്ത്രങ്ങളുടെ മേൽ കാപ്പ മാത്രം ഉണ്ടായിരിക്കുകയും വേണം. ശവംപള്ളിയകത്തു കൊണ്ടുവന്നു വെച്ചു മുഖം വെളിപ്പെടുത്തി മെഴുകുതിരികളും കത്തിച്ചു വെച്ചു ക്രമപ്രകാരം സകലവും കഴിച്ചതിൻെറ ശേഷം മുഖശീലയിട്ടു മൂടി അടക്കുന്ന സ്ഥലത്തും കൊണ്ടുപോയി അടക്കണം. കുർബാന ഉണ്ടായിരുന്നാൽ ശവം പള്ളിയകത്തുവെച്ചു കുർബാന കഴിഞ്ഞതിൻെറശേഷം ക്രമപ്രകാരം അടക്കണം. മേൽപ്പട്ടക്കാർ പട്ടക്കാർ അയ്മേനികൾ മുതലായ യാതൊരുത്തരുടെ ശവവും പള്ളിയകത്തു അടക്കരുതു്. മരിച്ച ദിവസവും രണ്ടാം ദിവസവും മൂന്നാം ദിവസവും കുർബ്ബാന അണപ്പിക്കുകയും കബറുങ്കൽ തെശ

മെശത്താ ചൊല്ലുകയും വേണം. പിന്നെ 9-30-40- ഠാം ദിവസങ്ങളിലും ആണ്ടു തികയുന്ന ദിവസവും പ്രത്യേകം കർബാന ചൊല്ലിക്കുകയും കബറുങ്കൽ തെശമെശത്താ കഴിക്കുകയും ഠാം ദിവസങ്ങളിൽ മരിച്ചവരുടെ ഓർമ്മക്കായിട്ട് ഭവനങ്ങളിൽ വച്ചു അവരവരുടെ അവസ്ഥപോലെ അടിയന്തിരങ്ങൾ കഴിച്ചു് ധർമ്മം കൊടുക്കുകയും പട്ടക്കാർ ഭവനങ്ങളിൽ വച്ചു തെശമെശത്താ കഴിക്കുകയും വേണം. ഇപ്പോൾ ചെയ്തു വരുന്നപോലെ പട്ടക്കാർ ഇരുന്നുകൊണ്ടു മദറാസ ചൊല്ലരുതു്. ഒരുത്തൻ മരിച്ചാൽ അവനവന്റെ അവസ്ഥപോലെ 3-9-30-40-ഠാംദിവസങ്ങൾ വരയുമൊ ആണ്ടുതികയുന്ന വരയുമോ കർബാന ചൊല്ലിക്കുകയും പിന്നെ ആണ്ടുതോറും കുർബ്ബാന ചൊല്ലിക്കുകയും മരിച്ചവന്റെ ഓർമ്മക്കായിട്ട് മേൽപറഞ്ഞ അവധികളിൽ അടിയന്തിരങ്ങൾ കഴിച്ച് ധർമ്മം കൊടുക്കുകയും ചെയ്യണം. മരിച്ചവരുടെ അടിയന്തിരങ്ങൾ വലിയ നോമ്പിൽ വന്നാൽ ശനിയാഴ്ചയും ഞായറാഴ്ചയും അല്ലാതെ മററു ദിവസങ്ങളിൽ കഴിക്കരുതു്. മരിച്ചവന്റെ അടിയന്തിരങ്ങൾക്കു മാംസം ഉപയോഗിച്ചു കൂടാത്തതാകുന്നു. മററുള്ള അടിയന്തിരങ്ങൾക്കു മാംസം ഉണ്ടാക്കി വരുന്നു എങ്കിലും വിലക്കപ്പെട്ടതായ പന്നി പോക്ക് മുതലായ മൃഗങ്ങളുടെ മാംസം ഭക്ഷിക്കരുതു്. പിന്നയും നിങ്ങളും പെൺ പൈതങ്ങളുടെ മേക്കാതു കുത്തുന്നു എന്നും അടിക്കാതു കുത്തി വളർത്തുന്നു എന്നും നാം അറിയുന്നു. ഠാം മര്യാദ ഹിന്ദുക്കളിൽ നിന്നു നിങ്ങൾ കണ്ടു പഠിച്ചിട്ടുള്ളതാകുന്നു. സുറിയാനിക്കാരായ നമ്മുടെ പൂർവ്വീക പിതാക്കന്മാരുടെ കാലം മുതൽ ഇന്നു വരെ ഠാം മര്യാദ നമ്മുടെയിടയിൽ നടപ്പില്ല. അതിനാൽ ഇനിമേൽ നിങ്ങളുടെ പെൺപൈതങ്ങളുടെ അടിക്കാതു

മാത്രം കുത്തുകയും നിങ്ങളുടെ അവസ്ഥ പോലെ പൊന്നു കൊണ്ടോ വെള്ളികൊണ്ടോ ആഭരണങ്ങൾ ഉണ്ടാക്കി ഇടുകയും ചെയ്യുന്നതല്ലാതെ അടിക്കാതു കുത്തിവളർത്തുന്നതിനു ദൈവത്തിൽ നിന്നു നിങ്ങൾക്കു് അധികാരമില്ല.

നിങ്ങളുടെ പൈതങ്ങളെ നമസ്ക്കാരം മുതലായ ക്രമങ്ങളും മററും പഠിപ്പിക്കാതെ എട്ടും പത്തും വയസ്സിൽ വിവാഹം ചെയ്യിക്കുന്ന പ്രകാരം നാം കേൾക്കുന്നു. ഇതു നമ്മുടെ മര്യാദക്കും നമ്മുടെ വിശുദ്ധ പിതാക്കന്മാർ ചെയ്തിട്ടുള്ള കാനോനാക്കും വിപരീതമായിട്ടുള്ളതാകുന്നു. ഇനിമേൽ പുരുഷനെ 14_ വയസ്സിന്നുമേലും സ്ത്രീയെ 12- വയസ്സിന്നുമേലും അല്ലാതെ വിവാഹം ചെയ്യിപ്പാൻ ദൈവത്തിൽ നിന്നു നിങ്ങൾക്കു അധികാരമില്ല. വിവാഹനിശ്ചയത്തിനു മുമ്പിൽ ഇരുഭാഗക്കാരും വികാരിയുടെ അറിവോടു കൂടെ മേല്പട്ടക്കാരൻെറ അടുക്കൽ ചെന്ന് അനുവാദം വാങ്ങണം.

വിവാഹം ഞായറാഴ്ച കുർബാന കഴിഞ്ഞതിൻെറ ശേഷം കഴിക്കണം എന്നാൽ അന്നേദിവസം കൊട്ടു മുതലായ ആഘോഷത്താൽ ശാബതു് ലംഘനം ചെയ്യരുതു്- എന്നാൽ നോമ്പുകളിലുള്ള ഞായറാഴ്ചകളിലും പുത്തൻ ഞായറാഴ്ചയൊഴികെ പെന്തിക്കുസ്തി ദിവസങ്ങളുടെ ഞായറാഴ്ചകളിലും വിവാഹം കഴിച്ചുകൂടാത്തതുമാകുന്നു. വിവാഹത്തിനു പുരുഷൻ നല്ല കല്യാണവസ്ത്രവും കരിശും മോതിരവും അപ്രകാരം തന്നെ സ്ത്രീക്കും നല്ല കല്യാണ വസ്ത്രവും കൊന്തയും മോതിരവും വിരിപ്പാവും ആവശ്യമാകുന്നു.

പട്ടക്കാർ പട്ടം എന്നു പറഞ്ഞു തലയിൽ രോമം

നിർത്തുന്ന പ്രകാരം നാം അറിയുന്നു. ഇതു കൽദായ മര്യാദയാകുന്നു- നമ്മുടെ മര്യാദ പ്രകാരം ഇങ്ങിനെ ചെയ്യുന്നതിന്നു പാടുള്ളതല്ല. അതിനാൽ ഇനിമേൽ പട്ടക്കാരും ശെമ്മാശ്ശന്മാരും മേൽപ്രകാരം തലയിൽ രോമം നിർത്തരുത്. പട്ടക്കാർക്ക് കറുത്ത ളോഹയും തൊപ്പിയും അരക്കെട്ടും ചെരിപ്പും കൂടാതെ നടപ്പാൻ അധികാരമില്ല. പട്ടക്കാരനു ഹമ്മിനീഹായും ശെമ്മാശ്ശനു ഊറാറയും ശുശ്രൂഷക്കുപ്പായവും കൂടാതെ മദ്ബഹായിൽ പ്രവേശിപ്പാൻ അധികാരമില്ല. വിവാഹം ചെയ്യാത്ത പട്ടക്കാർ എല്ലാ സമയവും വിവാഹക്കാർ അവധികൾക്കും പള്ളിയിൽ താമസിക്കേണ്ടതാകുന്നു.

നിങ്ങളിൽ പുരുഷന്മാരും സ്ത്രീകളും കുപ്പായം ഇല്ലാതെ നഗ്നന്മാരായി നടക്കുന്നു വെന്നും നാം കേൾക്കുന്നു. നമ്മുടെ വാത്സല്യമുള്ളവരെ? ഹിന്ദുക്കളെപ്പോലെ പൂർണ്ണവസ്ത്രം കൂടാതെ നടക്കുന്നതു തെററാകുന്നു എന്നും അതിനാൽ പാപം ജനിക്കുന്നു എന്നും നിങ്ങൾ അറിയുന്നില്ലയൊ നമ്മുടെ ആദ്യ മാതാപിതാക്കന്മാരായ ആദാമ്മിനെയും ഹൗവായേയും ദൈവം സൃഷ്ടിച്ചു് പറുദീസായിൽ ആക്കിയപ്പോൾ റൂഹാക്കൂടുത്ത ഒരു ഭൂഷണം അവക്കുണ്ടായിരുന്നു അവർ പിഴച്ചതിന്റെ ശേഷം ആ ഭൂഷണം അവരിൽ നിന്നു പൊയ്പോയതിനാൽ ദൈവം അന്നു് തുകൽ കൊണ്ടു് കുപ്പായങ്ങൾ ഉണ്ടാക്കി അവക്കു കൊടുത്ത പ്രകാരം മൂശയുടെ പുസ്തകത്തിൽ നിങ്ങൾ വായിച്ചിട്ടില്ലയൊ. അതിനാൽ ദൈവം നമുക്കു കല്പിച്ചിട്ടുള്ളതായ കുപ്പായങ്ങളെ നാം ധരിക്കാതെ നഗ്നന്മാരായി നടക്കുന്നതു് കല്പനലംഘനവും പാപം ജനിക്കുന്നതിന്നു് കാരണവും ആകുന്നതിനാൽ ഇനിമേൽ നമ്മുടെ ക്രമപ്രകാരം പുരുഷന്മാക്കു്

കാക്കുപ്പായവും അങ്കറസ്കായും തൊപ്പിയും സ്ത്രീകൾക്ക് മുഴക്കുപ്പായവും മൂടുപടവും കൂടാതെ നടപ്പാൻ അനുവാദമില്ല.

പിന്നെയും നിങ്ങളിൽ പുരുഷന്മാര് ദൈവത്തിന്റെ സാദൃശത്തിൽ സൃഷ്ടിച്ചിരിക്കുന്ന പുരുഷ വർഗ്ഗസ്വരൂപത്തെ സ്ത്രീവർഗ്ഗമാക്കി പുരുഷനും സ്ത്രീയും തമ്മിൽ വേർതിരിവിന്നായി കൊടുക്കപ്പെട്ടിരിക്കുന്ന താടിയും മീശയും ക്ഷൌരം ചെയ്ത് ലജ്ജ കൂടാതെ നടന്നു വരുന്നതിൽ നാം ഖേദിക്കുന്നു. "നിന്റെ താടിയുടെ കോണിനെ വഷളാക്കുകയും അരുത്" എന്നു ദൈവം മൂശയോടു കല്പിച്ചതുപോലെ പുരുഷന്മാർക്ക് താടിയും മീശയും വളർത്തുവാൻ ന്യായമാകുന്നു, എങ്കിലും സുറിയാനിക്കാരായ നമ്മുടെ ക്രമപ്രകാരം വൃദ്ധരു മീശയും താടിയും നീട്ടുകയും ബാല്യക്കാര് മീശവെക്കുകയും ചെയ്യേണ്ടതാകുന്നു. പിന്നെയും പള്ളികളിൽ ഓരോ പെരുനാളകൾക്കു് പുറജാതിക്കാരെപ്പോലെ സദ്യ കഴിക്കുകയും കൊട്ടു്, ചാട്ടം, കളി മുതലായ തിന്മപ്പെട്ട പ്രവൃത്തികളോടുകൂടെ സ്ലീബാ ആഘോഷമെന്ന് പറഞ്ഞും കൊണ്ടു് നഗരങ്ങളിൽ ചുററി നടക്കുകയും ഞായറാഴ്ചകളിലും പെരുനാളുകളിലും ഇറച്ചി മദ്യം മുതലായ മ്ലേച്ഛം ആഹാരങ്ങൾ ഒരുക്കി പള്ളിയിൽ വച്ചു നേർച്ച കഴിക്കുകയും ചെയ്യുന്നതായി നാം കേൾക്കുന്നു. "എന്റെ ഭവനം സകല ജാതികൾക്കുമുള്ള പ്രാർത്ഥനാ ഭവനമെന്നു വിളിക്കപ്പെടും എന്നു എഴുതിയിരിക്കുന്നില്ലയോ? എന്നാൽ നിങ്ങൾ അതു് കള്ളന്മാരുടെ ഗുഹയാക്കിയിരിക്കുന്നു" എന്നു നമ്മുടെ കർത്താവ് അരുളിച്ചെയ്തിരിക്കുന്നതുപോലെ ഇങ്ങിനെയുള്ള അശുദ്ധ പ്രവൃത്തികളാൽ ദേവാലയത്തെ കാവ്യരുടെ ആരാധനസ്ഥലത്തിനു തുല്യമാക്കിത്തീർക്കുന്നവൻ ദൈവ വിരോധിയും തന്റെ

ഭാഗ്യത്തിൽ നിന്നും അകലപ്പെട്ടവനും ആകുന്നു. അതിനാൽ ഇങ്ങിനെ ഉള്ള പ്രവൃത്തികൾ ശുദ്ധമാന പള്ളികളിൽ വെച്ചു ചെയ്‌വാൻ ഒരു പ്രകാരവും നിങ്ങൾക്കു അധികാരമില്ല, വിപരീതമായി പ്രവർത്തിക്കുന്നവൻ ശുദ്ധമാന പള്ളിയിൽ നിന്നു തള്ളപ്പെടും എന്നു നിങ്ങൾ പ്രത്യേകം അറിഞ്ഞു കൊള്ളണം. കുമ്പസാരത്തിനു ഇവിടങ്ങളിൽ പട്ടക്കാർക്കു പണം കൊടുത്തുവരുന്നതായി നാം അറിയുന്നു. അത് തെററായിട്ടുള്ളതാകയാൽ മേലാൽ അങ്ങിനെ കൊടുക്കുന്നതിനും വാങ്ങിക്കുന്നതിനും അധികാരമില്ല. എന്നാൽ കുമ്പസാരം കഴിഞ്ഞതിൻെറ ശേഷം തങ്ങളുടെ പാപ മോചനത്തിനായി പട്ടക്കാരെ കൊണ്ടു കഴിയുന്നവർ ഒക്കെയും കുർബാന ചൊല്ലിക്കുന്നതു നല്ലതാകുന്നു. പഴയകാലത്തു അവരവർ സ്വന്ത ചിലവപ്പാൽ പട്ടക്കാരെ കൊണ്ടു പാപമോചന ബലികഴിപ്പിച്ച പ്രകാരം ഓറയിത്തായിൽ കാണുന്നു.

പിന്നെയും ആണ്ടിൽ രണ്ടു പ്രാവശ്യം അത് ഉയർപ്പിൻെറ ദിവസം മുതൽ പുതുഞായറാഴ്ച വരെയും പ്രവി പെരുന്നാൾ മുതൽ ദനഹാ പെരുന്നാളുവരെയും സകല ക്രിസ്ത്യാനികളുടേയും ഭവനങ്ങളിൽ മേൽപട്ടക്കാരൊ പട്ടക്കാരൊ പ്രവേശിച്ച് വീട് വാഴ്ത്തുകയും അപ്പോൾ അവരവരുടെ അവസ്ഥപോലെ കൂദാശപ്പണം കൊടുക്കേണ്ടതും ആകുന്നു.

കുർബാന, മാമ്മോദീസാ, പെൺകെട്ട്, ശവസംസ്കാരം മരിച്ചവരെകുറിച്ചുള്ള അടിയന്തിരങ്ങൾ മുതലായതിനൊക്കെയും ഇവിടെയുള്ള കിഴുമര്യാദ പ്രകാരം മേല്പട്ടക്കാർക്കും പട്ടക്കാർക്കും പള്ളിക്കും ഉള്ള എല്ലാ അവകാശങ്ങളും കൊടുത്തു

കൊള്ളുകയും വേണം.

അമ്പതു നൊയമ്പിന്റെ ആദ്യത്തെ ബുധനാഴ്ച ഇവിടങ്ങളിൽ കുരിശുവര എന്നും പറഞ്ഞു് എണ്ണ പൂശൽ കഴിച്ചു വരുന്നതു നമുക്കുള്ളതല്ലായ്കയാൽ മേലാൽ ആയതു ചെയ്യാതെ നോമ്പു തുടങ്ങുന്ന തിങ്കളാഴ്ച എല്ലാവരും പള്ളിയിൽ കൂടി ശുബക്കാനാ എന്ന ക്രമം കഴിക്കേണ്ടതാകുന്നു.

സ്ലീപ്പുസായുടെ വെള്ളിയാഴ്ചയുടെ തലേരാത്രി പള്ളിയകത്തുള്ള വിളക്കുകൾ ഒക്കെയും കെടുത്തി ചിലക്രമങ്ങൾ ചെയ്തുവരുന്നതായി നാം കേൾക്കുന്നു. എന്നാൽ അതു് കൽദായ മര്യാദ ആകയാൽ മേൽ അങ്ങിനെ ചെയ്യാതെ ആ രാത്രിയിൽ ഉറക്കമൊഴിഞ്ഞു് കഷ്ടാനുഭവത്തിടനുത്ത നമസ്കാരം പ്രാർത്ഥന മുതലായവ കഴിച്ചു കൊള്ളണം.

കേട്ടു് അനുസരിക്കുന്നവരുടെ മേൽ ദൈവത്തിന്റെ കൃപയും സമാധാനവും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ ഇത്യാദി

എന്നു, 1877 - മകരം 15—ാംനു

കൊച്ചീ കോട്ടപ്പള്ളിയിൽ നിന്നും.